
# ധ്യാനസല്ലാപങ്ങൾ



/255.73/5
ELI

ഗ്രന്ഥകർത്താവ്

ചാവറ കുറിയാക്കോസ് ഏലിയാസച്ചൻ

m/255 7313

...CKAL JEEVASS KENDRAM LIBRARY 15706

# ധ്യാനസല്ലാപങ്ങൾ

---

ഉയരപ്പെട്ട പുണ്യത്തിന്നും വലിയ ധ്യാനത്തിന്നും എനിക്കു യോഗ്യമില്ല. അതന്ത്യെ മഹാപാപി. ഇതിനാൽ ആത്മം അശുദ്ധമായി, തെളിവില്ലാത്തതായി, വെടിപ്പു്, അടക്കം ഈ പുണ്യങ്ങളില്ലായ്കയാൽ ധ്യാന അരുചി കിട്ടുവാനും പുണ്യസാംഗോപാംഗത്തിന്നു് യോഗ്യനല്ല എന്ന നിരൂപണ, അമ്മയുടെ വചനംപോലെ നിഗളം എന്നു് തിരിയുകയും ചെയ്യും. അതെന്ത്യെ, എന്നാൽ ദൈവം ചെയ്യിച്ചതൊക്കെയും എന്റെ വശമോ, ഇത്രടം നീ വന്നതു് എങ്ങിനെ, വീട്ടിൽനിന്നാരു വിളിച്ചു. പട്ടത്തിന്നു് എങ്ങനെകേറി, കൊവേന്തയിൽ എങ്ങനെകൂടി, സഭ എങ്ങനെ കിട്ടി, പ്രിയോരെന്നാരു വിളിച്ചു, ഇവിടെ എങ്ങനെ വന്നു. ഇതൊന്നിന്നു് നിന്നെ കൊള്ളാമോ? ഇല്ലയില്ല, നിശ്ചയം. അപ്പഴോ തിരുമനസ്സു നടക്കും. നടത്തും. ഇതിന്നു് തിരുമനസ്സില്ലെന്നു് പറഞ്ഞോ? വിരുന്നിന്റെ കുപ്പായമില്ലാതെ മേശയ്ക്കിരുന്ന ഭിക്ഷക്കാരനെ എന്ത്യെ കാലും കയ്യും കെട്ടി ഇരുട്ടിലിട്ടു. ഇവന്നു് രാജവിരുന്നിനു കൂടുവാൻ തക്ക കുപ്പായമുണ്ടോ? ആയതു് നിരൂപിച്ചോ. പെരുവഴിയിൽ നിന്നിരുന്നതല്ല പിന്നെയോ വിളിച്ചുവരുത്തിയവരോടു് കുപ്പായമില്ലല്ലോ എന്നവൻ ഒരു വചനം പറഞ്ഞെങ്കിൽ അപ്പോൾ കിട്ടിയേനെ, അതിനേയും കൊടുപ്പാൻ ഇല്ലാത്തയാളല്ല വിളിച്ചതു്. ഇതിനാൽ എങ്ങനെയിരുന്നാലുംമതി എന്നവൻ നിരൂപിച്ചതിനാൽ തള്ളി. അയ്യിൻവണ്ണം ഇത്രടം നിന്നെ വരുത്തിച്ച ആളിനോടു നീയും ചോദിച്ചാൽ നിനക്കും ഈ വരം കിട്ടും നിശ്ചയം.

## ദൈവത്തിന്റ സ്തുതി. ശുദ്ധ ദേവമാതാവിന്നു കൊണ്ടാട്ടം.

എത്രയും വലിയ അയോഗ്യനെങ്കിലും ശ്രു. അമ്മത്രേസ്യായുടെ മകൻ ഞാനും ആകുവാൻ ദൈവം തിരുമനസ്സായി. കമ്മെലെ അമ്മചേൎത്തു. അമ്മത്രേസ്യാ തൻെറ മക്കളുടെ കൂട്ടത്തിൽ എന്നെയും ചേൎത്തുവല്ലോ. ഇതിനെക്കുറിച്ചു് അമ്മയോടു് മക്കൾ ചോദിച്ചാൽ പ്രിയമുള്ള തള്ള അവരുടെ കയ്യിൽ ഇല്ലാത്തതായാലും ചോദിച്ചാൽ കിട്ടുന്നതു് എംകിൽ മക്കൾക്കു വാങ്ങിച്ചു കൊടുക്കും എന്നു് വരുമ്പോൾ മാംസതള്ളമാരെക്കായിൽ അധികമായിട്ടു് തൻെറ മക്കളെ സ്നേഹിക്കുന്ന ഈ അമ്മത്രേസ്യാ താൻ എല്ലാവരെ അധികമായിട്ടു പഠിപ്പിച്ചിരിക്കയാൽ ധ്യാനത്തിൻെറ ഗുരുനാഥ എന്നുള്ള നാമവും ധരിച്ചു്, ശേഷംപേരെ പഠിപ്പിപ്പാനായിട്ടു ഉൾക്കോട്ട എന്നു് പേരു വിളിച്ച ഏഴു കോട്ടയായിട്ടു വിഭാഗിച്ച ഈ ഏഴു സ്ഥാനപദവികളായിട്ടും അതിൽ കരേറുവാനുള്ള വഴികളും എഴുതിയുണ്ടാക്കിയിരിക്കുന്നു എന്നുള്ളതു് തന്നെ ഇതു് തൻെറ മക്കളെ പഠിപ്പിപ്പാനായിരിക്കുന്നു, എന്നതിനാൽ ഞാൻ ഒരധിക അപേക്ഷ ഈ അമ്മയോടു അപേക്ഷിക്കുന്നു, ഈ എഴുതിയിരിക്കുന്ന പേച്ചു് ഇനിക്കറിവാൻ വഹിയായ്കയാൽ ഒന്നുകിൽ ഈ പേച്ചിനെ പഠിപ്പിക്കണം അല്ലെംകിൽ അതിനെ വായിക്കാതെ എൻെറ ഹൃദയത്തിൽ ചൊല്ലിത്തന്നു് പഠിപ്പിക്കണം.

### 1-ാമതു് ധ്യാനം

ധ്യാനം എന്നതു് ദൈവത്തോടുള്ള സംസാരമാകുന്നുവെന്നും സ്നേഹത്താൽ ദൈവത്തോടു ചേൎന്നു തന്നോടൊന്നിച്ചിരുന്നു. സ്നേഹിതന്മാരോടുള്ള ഒന്നിച്ചിട്ടുള്ള സംഭാഷണം എന്നപോലെ ആത്മമണവാളനായ

ഈശോമ്ശിഹായോടൊന്നിച്ചിരുന്നു് സംസാരിക്കയത്രെ ഇതിന്റെ പ്രവൃത്തിയെന്നും, ഇതിനാൽ നിന്റെ തണുപ്പിന്റെ 'കാലമെന്നു് നീ പേരുവിളിച്ചിരുന്ന തുടക്കകാലങ്ങളിൽ ലോകസംസാരത്തിൽ മുഴുകിയിരിക്കയാൽ ദൈവത്തോടു സംസാരിപ്പാനായിട്ടു ധ്യാനിക്കുന്നതു് ഒരധികമായ തുനിവാകുന്നു എന്നും നിരൂപിച്ചു് ധ്യാനത്തിൽനിന്നും അകന്നിരുന്നു എന്നും നിന്റെ ചരിത്രത്തിൽ ഞാൻ വായിച്ചുകണ്ടു. എന്നാതിനാൽ എന്റെ അമ്മെ ഇതു് ശരിതന്നെ, അതെന്ത്യ ധ്യാനം ദൈവത്തോടൊന്നിച്ചിരുന്നുള്ള സംസാരമാകുന്നുവെന്നു് വരുമ്പോൾ ഒരു സ്നേഹിതനോടുള്ള സംസാരംപോലെ ആകുന്നു. എന്നാൽ സ്നേഹിതന്മാരു തമ്മിൽ ഒന്നിച്ചിരുന്നാൽ വേർതിരിയുംവരെയും നാവു് അടങ്ങാതെ സംസാരിക്കും. ഇതു കണ്ടുവരുന്ന കാര്യംതന്നെ. ഇതിനിടയിൽ അവൎക്കു സംസാരത്തിനു് വകയില്ലാഞ്ഞിട്ടു മിണ്ടടങ്ങിയിരുന്നുവെന്നും വരികയില്ല. അപ്പഴോ സ്നേഹമുണ്ടെങ്കിൽ അയാളിനോടു സംസാരിപ്പാൻ വകയുണ്ടാകും, ഈ സംസാരം ഒരുത്തൻ പഠിപ്പിക്കയുംവേണ്ട. പേച്ചറിയാത്തവരും തമ്മിൽ സ്നേഹമുണ്ടായാൽ തമ്മിൽ പറയുകയും തിരിയുകയും ചെയ്യുന്നു. ഒരു പേച്ചറിയുന്ന മററവനോടു സംസാരിക്കുന്നതിനെക്കായിലും പേച്ചറിയാത്ത സ്നേഹിതനോടു സംസാരിപ്പാനത്രെയിഷ്ടം. ഒന്നും ഉരിയാടാതെ ഇരിക്കുന്നു എങ്കിലും സ്നേഹിതന്റെ ചേരെയിരിക്കുന്നതു് തന്നെ തൃപ്തിയാകയും ചെയ്യും. എന്നു് വരുമ്പോൾ എന്റെ അമ്മേ ഞാനും ഈശോമ്ശിഹായെ പട്ടാങ്ങയായിട്ടു സ്നേഹിക്കുന്നുവെങ്കിൽ ഇനിക്കു ധ്യാനത്താൽ തന്നോടു സംസാരിപ്പാൻ വകയുണ്ടാകും അല്ലെങ്കിൽ സംസാരിപ്പാൻ പാടില്ലെങ്കിലും അരികെയിരിക്കുന്നതിനാൽ തൃപ്തിയായിരിക്കുമല്ലോ. ആയതിനാൽ ഈ സ്നേഹം ഇനിക്കുമുണ്ടാകുമെങ്കിൽ നിനക്കു ചൊല്ലിത്തരുവാനുള്ള ബുദ്ധിമുട്ടു കുറഞ്ഞിരിക്കും. അതെന്ത്യ വേഗം ഞാൻ പഠി

ക്കം ഈ സംസാരം ആയ്തിനാൽ ഈ സ്നേഹം ഇനിക്കു തരുവിക്കണം. അപ്പോൾ ധ്യാനവും പഠിക്കും. അതെങ്ങനെയെന്നാൽ സ്നേഹിതനോടു സംസാരിപ്പാൻ ഒരുത്തനേയും പഠിപ്പിക്കേണ്ട. പിന്നെയോ ആ സ്നേഹം തന്നെ പഠിപ്പിക്കുകയും ചെയ്യുമല്ലൊ. എന്നതിനാൽ ഈ സ്നേഹത്താൽ സംസാരിപ്പാൻ പഠിക്കുകയുംചെയ്യും, അപ്പഴൊ അമ്മേ! നിന്റെ പക്കലില്ലാത്തതായാലും മകനായ ഞാൻ ചോദിച്ചാൽ ഉള്ളടത്തു് നിന്നു് ചോദിച്ചുമേടിച്ചെങ്കിലും തരുവാൻ ഞെരുങ്ങുന്ന നിന്റെ ഉപവി, നിന്നിൽ ധാരാളമായി ഉണ്ടായിരിക്കുന്ന ഈ ഗുണം ചോദിച്ചപേക്ഷിക്കുന്ന അഗതിയായ മകനു് തരാതെയിരിക്കുമോ. നിന്റെമേലുള്ള ഈ പ്രിയത്തെപ്രതി നിന്റെ മക്കൾക്കു സമ്മാനിപ്പാൻ സന്തോഷമായിരിക്കുന്ന നിന്റെ പ്രിയ മണവാളനോടു ഈ അഗതിയായ മകന്റെ അപേക്ഷപ്രകാരം കേൾപ്പിച്ചാൽ മണവാളനിൽനിന്നകന്നിരുന്ന കാലത്തിൽ ചോദിക്കുന്നതൊക്കയും തന്നിരുന്ന മണവാളൻ ഇപ്പോൾ വിവാഹം കഴിഞ്ഞു് മണവറയിൽ ഒന്നിച്ചിരിക്കുന്ന ഈ സമയം യാചിക്കുന്നതു് കിട്ടുമോ എന്നിനിക്കു സംശയിപ്പാനുണ്ടൊ? അന്യവർക്കുവേണ്ടി പലതും അപേക്ഷിച്ചു് സഹായിക്കുന്ന നീ പാപിയെങ്കിലും മകന്റെ സ്വാതന്ത്ര്യമുള്ള ഞാൻ അപേക്ഷിച്ചാൽ നീ കൂട്ടാക്കാതെയിരിക്കും എന്നെനിക്കു വിചാരിക്കാമോ? ആയതും ഒരുനാളും വഹിയായെല്ലോ. ആയ്തിനാൽ അമ്മേ! ഞാൻ അപേക്ഷിക്കുന്നു. എന്നെ നീ പഠിപ്പിക്കു.

## 1—ാം പങ്കായിട്ടു.

ധ്യാനിപ്പാൻ, ദൈവസ്നേഹത്താൽ ദൈവത്തോടു ചേർന്നിരിക്കേണ്ടതിന്നാവശ്യം ആയിരിക്കയിൽ, പാപം ഉള്ള ഹൃദയത്തോട ദൈവം ചേരാത്തതാകയാൽ, പാപപ്പൊറുതി അപേക്ഷിക്കുന്നതിനായിട്ടു ഈ ഒന്നാ

മത്തെ ദിവസത്തിൽ ഈ എന്റെ രക്ഷിതാവായിരിക്കുന്ന നിന്റെ പ്രിയ മണവാളൻ ഈശോമ്ശിഹായുടെ പക്കൽ ഞാൻ അണവാൻ ആവശ്യമായിരിക്കയാൽ, എന്റെ അമ്മേ! നീക്കൂടെയിനിക്ക് സഹായവും തുണയുമായിരിപ്പാൻ ആയി മുൻകൂട്ടി നിന്റെ പ്രിയ മണവാളന്റെ മുറിയിൽ നീ കടന്ന് തന്റെ കരുണയുടെ തൃക്കണ്ണുകളെ എന്റെമേൽ തിരിപ്പിക്കേണമേ! ഇതിന്നായിട്ടു പാപികളുടെ സങ്കേതവും അനുഗ്രഹങ്ങളുടെ അമ്മയുമായിരിക്കുന്ന ദേവമാതാവിന്റെയും നിന്റേയും നിന്റെ മക്കളായ ഞങ്ങൾ ഒക്കയുടേയും മദ്ധ്യസ്ഥനായ മാർ യൗസേപ്പിതാവിന്റെയും തുണയും സഹായവും നീ പ്രാർത്ഥിക്കേണമെ! ഞാൻ ഇതാ എന്റെ പാപത്തിന്മേൽ മനസ്താപപ്പെട്ടുകൊണ്ട് ആയുസ്സിന്റെ മുഴുവനായ പൊറുതിയും സമാധാനവും കിട്ടുവാനുള്ള ആഗ്രഹത്തോടുകൂടെ എന്റെ അപ്പന്റെ തിരുമുമ്പിൽ വരുന്നു. ധ്യാനമുറിയിൽ ഇതാ എന്റെ മനഗുണ അപ്പൻ ഈശോമിശിഹാ അനുഗ്രഹത്തിന്റെ സിംഹാസനത്തിൽ എഴുന്നെള്ളിയിരിക്കുന്നു. തന്റെ വലത്തുഭാഗത്തിൽ മനഗുണത്തിന്റെ അമ്മയും ഇടത്ത് ഭാഗത്തിൽ നമ്മുടെ മദ്ധ്യസ്ഥനായ യൗസേപ്പുപിതാവും എഴുന്നെള്ളിയിരിക്കുന്നു. നമ്മുടെ അമ്മ ത്രേസ്യാ തന്റെ മക്കൾക്കുവേണ്ടിയും പ്രത്യേകം പാപിയായ എനിക്കുവേണ്ടിയും അനുഗ്രഹം അപേക്ഷിപ്പാനുമായിട്ടു ഇവരുടെ അരികിൽ മുട്ടുകുത്തി നില്ക്കുന്നു. എന്നാൽ എന്റെ പാപപ്പെരിപ്പത്തിനു തക്ക തേററം ഇനിക്കില്ലായ്കയാലും പ്രായശ്ചിത്തം എടുപ്പാൻ വശമില്ലായ്കയാലും എല്ലാപ്പോഴും എന്നെ തുണച്ചുവരുന്ന മറിയമഗ്ദലയിത്തമ്മ, എജീപ്തുമറിയം, മർഗ്ഗരീത്തകൊർത്തോൻ എന്ന ഈ അമ്മമാരുടെ തേററവും പ്രായശ്ചിത്തങ്ങളും എനിക്കുള്ളതായി ഞാൻ അപേക്ഷിച്ചുംകൊണ്ട് ഇതാ എന്റെ അപ്പന്റെ പക്കലോട്ടു ഞാൻ പുറപ്പെടുന്നു. ആ എത്ര നാളായി

ഞാൻ എന്റെ അപ്പന്റെ തിരുമുഖം കണ്ടിട്ടു്. ആ
എളിയ മകനെപ്പോലെ എന്റെ അപ്പൻ എനിക്കു ത
ന്നിരുന്ന സമ്പത്തുകളൊക്കയും ധൂളിച്ചുകളഞ്ഞു് അധ
ൎമ്മക്കാരനു വേലചെയ്തു് അവന്റെ പോക്കുകളെ മെ
യിച്ചു നടക്കുന്നു. ഇതിന്റെ തീൻകൂടെയും തൃപ്തിയായി
കിട്ടാതെ പഞ്ഞത്താൽ മെലിഞ്ഞു. എന്റെ അപ്പൻ
തന്നിരുന്ന ആ നല്ല വസ്ത്രങ്ങളൊക്കയും കളഞ്ഞ്
നാണം മറപ്പാൻകൂടെയും പാടില്ലായ്കയാൽ കില്ലത്തു
ണിയും ധരിച്ചിരിക്കുന്നു, എങ്കിലും ഈ വേഷത്തോടുകൂ
ടെതന്നെ ഞാൻ ചെല്ലട്ടെ. അതെന്ത്യ ഇനി താമ
സിച്ചാൽ ചത്തുപോകുമല്ലോ. ഇതിനാൽ എന്റെ
കാട്ടുവടിയും തൊപ്പിപാളയും ഞാൻ എടുത്തുകൊണ്ടി
താ നടക്കുന്നു. ഓ! എന്റെ ആത്മമെ! എത്രയോ വേല
ക്കാര നിന്റെ അപ്പന്റെ തിരുമുൻപിൽ സംപൂൎണ്ണതൃ
ൎത്തിയാൽ തെളിഞ്ഞു നടക്കുന്നു, എന്നവരെ ഓൎക്കു
മ്പോൾ നീ എന്ത്യ ക്ലേശിക്കുന്നു. ഈ അപ്പൻ എ
ത്രയും അനുഗ്രഹമുള്ളവനാകയാൽ ഈ നിന്റെ നന്ദി
കേടുകളൊക്കയും മറന്നുകളയും, മുൻപിലത്തെ നി
ന്റെ പുത്രസ്ഥാനത്തിൽ വെയ്ക്കയും ചെയ്യും. ആ! നീ
നോക്കുക. നിന്റെ അപ്പന്റെ അരമനയും മാറ മാ
ളികകളും പൊക്കമുള്ള മതിലുകളും കാണുന്നില്ലയോ?
ഈ പുറത്തുള്ള അലങ്കാരങ്ങളും മഹിമകളും ഈവണ്ണ
മായിരിക്കുമ്പോൾ അകത്തുള്ള മഹിമസന്തോഷങ്ങൾ
എന്തായിരിക്കും ആ! നേരുതന്നെ എന്റെ ആത്മമേ!
ഇത്ര വലിയ മതിൽക്കുപുറത്തു് കിടന്നു ഞാൻ നില
വിളിച്ചാൽ ആരു കേൾക്കും. ഈ വലിയ പൂട്ടും വാ
തിലും ആരു തുറന്നു് തരും ഇങ്ങനെ വാച്ചവരും തുറ
ന്നു് തന്നാൽ ഈ ഉപേക്ഷിക്കപ്പെട്ടവനായ നീ വന്നി
രിക്കുന്നു എന്നു് ആരവിടെ അറിവിക്കും ഇങ്ങനെ അ
റിവിച്ചാലും കോപിച്ചുകൊള്ളുന്നതല്ലാതെ എന്നെ
നോക്കുമോ? അങ്ങേ അരികിലോട്ടു അനുവാദംകൂടാ
തെ നിനക്കടുക്കാമോ? നിന്റെ ഈ ഭാഷയും കോ

ലവും കാൺകയും നിന്റെ ദുൎമ്മണം വീശുകയും ചെയ്യുമ്പോൾ ശുശ്രൂഷികൾക്കൂടെയും അറച്ചുപേക്ഷിപ്പാൻ യോഗ്യമായിരിക്കയിൽ ഈ മഹാ വലിപ്പത്തിൻ തിരുമുൻപിൽ എങ്ങനെ നീ അടുത്ത പൊറുതി അപേക്ഷിക്കും. ആ! ഇതൊക്കയും നേരുതന്നെ എന്നാലും എന്റെ അപ്പൻ എത്രയും അനുഗ്രഹമുള്ളവനും പട്ടാങ്ങയായ ഉപവിയും, താൻ സ്നേഹം എന്നത്രെ തന്റെ നാമവും ആകുന്നു. ഇതിനാലെ നാം ഭയപ്പെട്ടുകയും വേണ്ട. ഇതാ നീ സൂക്ഷിച്ചു എഴുന്നേൽക്കുക, തെ! ഒരു ഇളക്കം കാണുന്നില്ലയോ! ഒ, ഹൊ! ഇതാ വാതിലുകളെ ധാരാളമായി തുറക്കുന്നു. അയ്യോ ഇതാ എന്റെ അപ്പൻ തന്നെ എഴുന്നെള്ളി വരുന്നു. അയ്യോ! ഞാൻ ഈ വേഷത്തോടെ എന്തു ചെയ്യേണ്ടു. ഇപ്പോൾ എന്റെ അപ്പൻ വന്ന് എന്നെ പിടിച്ച് തഴുകും അയ്യോ! ഇതു വേണ്ട എന്നെ തൊട്ടുവാൻ യോഗ്യമുള്ളവൻ ഞാൻ അല്ലല്ലോ ഇതിനാലെ ഞാൻ തന്റെ തൃപ്പാദങ്ങളിൽ സാഷ്ടാംഗം ചെയ്യട്ടെ.

അയ്യോ! എന്റെ അപ്പാ ആകാശത്തിലും നിന്റെ തിരുമുമ്പിലും ഞാൻ പിഴച്ചു. ഇനി നിന്റെ മകൻ എന്ന ഈ മഹിമപേരിനു അടിയൻ യോഗ്യനല്ല. നിന്റെ വേലക്കാരിൽ ഒരുത്തനായിട്ട കൈക്കൊണ്ടാൽ ഇനിക്കു എത്രയോ ഭാഗ്യം, എത്രയോ മഹിമ. എന്നാലും എന്റെ അപ്പാ ഈ പേരുകൊണ്ടല്ലാതെ നിന്നെയിനിക്ക വിളിപ്പാൻ എന്റെ ഹൃദയം സമ്മതിക്കുന്നില്ല. നീയും ഈവണ്ണം കല്പിച്ചിരിക്കുന്നുവല്ലോ. ആയ്തിനാൽ മനോഗുണമുള്ള എന്റെ അപ്പാ എന്റെ ദുഷ്ടതയാലും നന്ദിഹീനതയാലും നിന്നോട്ടു ഞാൻ ചെയ്ത കുററങ്ങളൊക്കെയും എന്നോട്ടു നീ പൊറുക്കേണമെ!

### തേറാപ്രകരണം.

ആ പ്രിയമുള്ള അപ്പാ! നീ എഴുന്നെള്ളിയിരിക്കു

ന്ന ഈ കസേരയുടെ പുറകിൽ അടിയൻ മുട്ടുകുത്തി യിരിക്കയാൽ ഇനിക്കുവേണ്ടി ആണികളാൽ കിഴിയ പ്പെട്ട വരളാതെ വച്ചിരിക്കുന്ന ഈ തൃപ്പാദങ്ങളെ ഞാൻ പിടിച്ചിരിക്കയാൽ എന്റെ അമ്മ മഗ്ദലേത്താ യോടു നീ കല്പിച്ചപോലെയും അമ്മ എ. മറിയത്തി ന്നു പള്ളിവാതിൽ തുറന്നപോലെയും, മറിയകൊത്തോ നായോട്ട് കുരിശിൽ നിന്റെ രൂപത്തിൻ വാ തുറന്നു് അരുളിയ്യിൻവണ്ണവും ഇന്നടിയനോട്ട് അരുളിച്ചെയ്യാ തെ ഈ തൃപ്പാദചുവട്ടിൽനിന്നടിയൻ വാങ്ങുകയില്ല. പിതാവു യാക്കോബു്, മാലാഖായോട്ട് ചൊല്ലിയ്യിൻ വണ്ണം ഞാനും ഈ പാദം വിടുകയില്ല. ആ എന്റെ അമ്മമാരെ നിങ്ങൾ ഇനിക്കുവേണ്ടി അപേക്ഷിപ്പിൻ ആ എന്റെ അമ്മ. ശ്രു. ഈശോയുടെ ത്രേസ്യായെ! നിന്റെ പ്രാൎത്ഥനമുറിയിൽ നീ ദൎശിച്ച രൂപത്തിൻ മുൻപിൽ നീ പ്രാൎത്ഥിച്ചതിനെ ഓൎത്ത ഇനിക്കായി ക്കൊണ്ടു് നീയും അപേക്ഷിച്ചു് ആ മനോഗുണം തരു വിക്കേണമെ! എത്രയും ശ്ലാഘമുള്ള വ്യാകുല മാതാവെ! നിന്റെ ഏറ്റിക്കപ്പെട്ട വ്യാകുലത്തിന്നു കാരണമായ എന്റെ പാപങ്ങൾക്കു പൊറുതിയെ ഇനിക്കുവേണ്ടി നീ അപേക്ഷിച്ചു തരുവിക്കണമെ! അയ്യോ! എത്ര ഊഴം നീ എന്നോടു ക്ഷമിച്ചു. എന്റെ അമ്മയുടെ കയ്യിൽനിന്നു് പൈതൽപ്രായത്തിൽതന്നെ നീ എ ന്നെ കൈക്കൊണ്ടല്ലൊ. തെററുകളെ കണ്ടാറെ വീണ്ടും ലോകത്തിൽനിന്നു് എന്നെ വലിച്ചല്ലോ. ആയ്യിനാലു യും ഞാൻ ദുഷ്ടതയിൽനിന്നു് വാങ്ങുന്നില്ലന്നു് കണ്ടാ റെ ആകമാനം നിന്റെ ഉത്തരീയക്കൂട്ടത്തിന്ന നീ ചേൎത്തുവല്ലോ. എന്റെ അമ്മ എനിക്കായിട്ടു് എന്ന പോലെ നിന്റെ സഭയും സ്ഥാപിപ്പിച്ചു അതിൽ എ ന്നെ നീ കൈക്കൊണ്ടല്ലൊ. ഇനിയും ഞാൻ മുഴുവ നായിട്ടു നിന്റെ മക്കൾക്കടുത്ത ജീവിതം തുടങ്ങിയി ല്ലെങ്കിൽ എത്രയോ നിർഭാഗ്യക്കാരനായി പോകും. ആ യ്യിനാൽ മനോഗുണമുള്ള അമ്മേ! ഇനി നാളെയെ

15706

ന്ന് ഞാൻ പറയാതെ ഇപ്പോൾ തന്നെ മുഴുവനും നിനക്കുള്ളവനാകുവാൻ എന്റെ ശക്തിയൊക്കയോടുകൂടെ ഉറച്ചു, ഈ നിന്റെ പുത്രന്റെ തൃപ്പാദം പിടിച്ചിരിക്കയാൽ ഇനിക്കായിക്കൊണ്ട നിന്റെ ദയയുള്ള അപേക്ഷയെ അണെച്ച് എന്റെ പാപങ്ങൾ ഒക്കയിൽ നിന്നുള്ള മുഴുവനായ പൊറുതിയും വെറുപ്പും ഇനിക്കു തരുവിച്ചു മേലാൽ പുണ്യസാംഗോപാംഗത്തിൽ നിലനില്പും തരുവിക്കേണമെ.

ആ എന്റെ അനുഗ്രഹമുള്ള അപ്പാ! ഞാൻ എന്റെ കണ്ണുകളെ പൊക്കി നിന്റെ തിരുമുഖത്തിൽ സൂക്ഷിപ്പാൻ വശമാകുന്നില്ലല്ലോ. കർത്താവെ! നിന്റെ തിരുത്തലയെ ഞാൻ നോക്കുന്നു എങ്കിൽ ഇതിൽ വച്ചു തറച്ചിരിക്കുന്ന മുള്ളുകൾ എങ്ങനെയോ നിന്റെ തലയെ തുളച്ചു കടക്കുന്നു. ഇതൊക്കെയും എന്റെ നിഗളം മുതലായ നിരൂപണകളാൽ എത്രയോ ഊഴം നിന്റെ തിരുശിരസ്സിനെ ഞാൻ നൊമ്പരപ്പെടുത്തി അയ്യോ! ഈ മുൾക്കെട്ടിനെ എന്റെ തലയിൽ നീ വെയ്ക്കേണമെ. ഇനി മരണപര്യന്തം എപ്പഴും ഇതിനെ ഞാൻ ഓർത്തു ദുഃഖിപ്പാനും ഓർമ്മയാലെതന്നെ നിനക്കിഷ്ടമില്ലാത്ത യാതൊരു വിചാരവും എന്റെ തലയിൽ കേറാതിരിക്കട്ടെ.

അയ്യോ! എന്റെ അപ്പാ നിന്റെ തിരുമുഖം എത്രയും അഴകുള്ളത്. സൃഷ്ടിക്കപ്പെട്ട സകല മുഖങ്ങളിൽ അഴകുള്ളതും മനുഷ്യമക്കളിൽ അഴകുള്ളവനെ എന്ന് നിന്റെ പിതാവ് ദാവീദ് പാടുന്നതിനേയും ഞങ്ങൾ കേൾക്കുന്നു. ദുഃഖമുള്ളവര, ഈ തിരുമുഖം കണ്ടാൽ സന്തോഷമായി പകരപ്പെടുമെന്നും ആയ്തു പലർക്കും സംഭവിച്ചിരിക്കുന്നു എന്നും ഞാൻ അറിഞ്ഞും വിശ്വസിച്ചും ഇരിക്കുന്നു. ആകിലും എന്റെ മനഗ്ഗുണമുള്ള നല്ല അപ്പാ! ഈ മുഖം ഇനിക്കിപ്പോൾ എത്രയും ദുഃഖിപ്പിക്കുന്നതായിരിക്കുന്നുവല്ലൊ. എങ്കിലും കർത്താവെ! നീയിപ്പോൾ ഇതിനെ പകർത്തിയിട്ടില്ലല്ലോ. എ

ന്നാൽ ഈ മുഖം അരിശമുഖമായിട്ടു പകരുന്ന നേരത്തിൽ ഞാൻ ഭയന്നു് നോക്കാതിരുന്നാലും നിന്റെ നരകചമ്മട്ടികളായ ദുഷ്ടർ എന്നെക്കൊണ്ടു് പരിഹസിച്ചു നോക്കി നില്ക്കുമല്ലോ. എന്നാൽ ഇപ്പോൾ ഈ തിരുമുഖത്തു നോക്കുവാൻ ഞാൻ കുറെ ലജ്ജിച്ചു ദുഃഖിക്കുന്നുവെങ്കിലും നീയിനിക്കു കരുണമുഖമായി കാണിക്കുമെന്നു് ഞാൻ ശരണപ്പെട്ടിരിക്കുന്നു. എന്നതിനാൽ അപ്പാ എന്റെ കണ്ണു പൊക്കട്ടെ. ഞാൻ എന്റെ നന്ദിയില്ലാത്ത കണ്ണിനെ, എന്നെ പാത്തു വിളിക്കുന്ന മനഗ്ഗുണമുള്ള മുഖത്തോട്ടയക്കട്ടെ. എന്റെ പോളകളെ നിങ്ങൾ നീങ്ങുവിൻ എന്റെ മിഴികളിൽ തുടിച്ചു നില്ക്കുന്ന വെള്ളങ്ങളെ നിങ്ങളെ ഉണ്ടാക്കിയ മണ്ണിലോട്ടു വീഴുവിൻ.

ആ! അയ്യോ! എന്റെ അപ്പന്റെ മുഖത്തെ ഇങ്ങനെ വിരൂപമാക്കിയതു് ഞാൻ തന്നെയല്ലയോ. ഒ! ദുഷ്ടശരീരമെ, നിന്റെ സൃഷ്ടിതാവിന്റെ തിരുമുഖത്തെ ഇങ്ങനെയാക്കുവാൻ തക്ക ധൈയ്യം നിനക്കുണ്ടായ്തു അതിശയിപ്പാൻ തക്കതുതന്നെ. നിനക്കയ്യോ സൌന്ദയ്യമായിട്ടു മററു ചില മുഖങ്ങളിന്മേൽ തോന്നിയിരുന്നതിനാൽ ഇതാ ഈ തിരുമുഖം സൂക്ഷിപ്പാൻ പാടില്ലാത്തവണ്ണം തന്റെ തലമുടികളാലും പിണത്തു പററിയിരിക്കുന്ന ചോരയാലും നീ കാണിക്കുന്ന മററു ചുംബനങ്ങളാൽ ദുഷ്ടസേവകരുടെ നാവു വഴിയായിട്ടു നീ കാ— കാ— തു— തു എന്ന അശുദ്ധ ഉമിനീരുകളാലും അയ്യോ പഴന്തുണികളാൽക്കൂടെയും മൂടിയിരുന്നു എന്ന ഈ തിരുമുഖത്തിന്റെ രൂപം മുഴുവനും കാണ്മാനാഗ്രഹമുണ്ടെങ്കിൽ ഈ തിരുതലമുടിയെ പതുക്കെ ഇളക്കി നീക്കി ആ പിണത്തിരിക്കുന്ന ചോരകണ്ടങ്ങളേയും വടിച്ചു നീക്കുക. ആ! കത്താവെ! നിന്റെ കവിളിന്മേൽ പതിഞ്ഞിരിക്കുന്ന ഈ വിരലുകളുടെ ഭാഷയും അതിനു ചുററുമുള്ള പച്ചപ്പുള്ള കരുവാളിപ്പും എന്തായിരിക്കുന്നു. അയ്യോ! ഇതു് മറേറതുമല്ല

പിന്നെയോ ചിലരു പറയുംവണ്ണം കാലും കൈയും ഇളക്കുവാൻ വശമില്ലാതെ 30-ൽ ഫിലപാനം സംവത്സരം ശ്ലേഷ്മോന്റെ മോണ്ടളത്തിൽ തളർന്നുകിടന്ന എന്നവനെ കണ്ടു താൻ അനുഗ്രഹിച്ചു് നിന്റെ കട്ടിലുമെടുത്തുകൊണ്ടുപോകാ എന്നും കല്പിച്ചു സ്വസ്ഥമാക്കി എഴുന്നേല്പിച്ചു. ഇപ്പോൾ നീ സ്വസ്ഥതയായി, ഇനി വീണ്ടും നീ പിഴക്കണ്ടാ എന്നും കല്പിച്ചയച്ചു എന്നവൻ വീണ്ടും പോയി മേല്പട്ടക്കാരന്റെ സേവകനായി നില്ക്കുയിൽ കർത്താവിനെ കെട്ടികൊണ്ടുചെന്നു നിറുത്തി ചോദിച്ചപ്പോൾ താൻ ഉത്തരിച്ച വചനം മേല്പട്ടസുഖത്തിനു് അപമാനമായി എന്നിവന്നു തോന്നിയതിനാൽ ഇങ്ങനെയോ മേല്പട്ടക്കാരനോടുത്തിരിക്കുന്നതു എന്നും പറഞ്ഞുകൊണ്ടു അവൻ അടിച്ച മുറിവിന്റെ പാടത്രെ. ഓ എന്റെ സ്നേഹിതയായ ശരീരമെ ഇതു വലിയ അക്രമമായി നിനക്കും തോന്നുന്നല്ലോ എന്നാൽ അവനല്ല ഈ അടി അടിച്ചത, അതിന്നു കർത്താവിനിത്ര സംകടവും തോന്നുകയില്ല. പിന്നയോ നിന്റെ അടിയുടെ അത്രെ ഈ കഴിഞ്ഞുകാണുന്ന കാഴ്ച അതെങ്ങനെയെന്നാൽ തളർന്ന കൈ സ്വസ്ഥനമാക്കിയതിൽ അതു രണ്ടുകൊണ്ടും അവൻ അടിച്ചില്ല പിന്നയോ ഒന്നുകൊണ്ടു് ഒരടി അവൻ അടിച്ചു. എന്നാൽ നിനക്കു നേർമ്മയുള്ള രണ്ടു കൈകളും തന്നു് ആയുസ്സു തളരാതെ കാത്തതെന്ത്യ ഈവണ്ണമുള്ള അക്ഷരങ്ങൾ മുതലായി എഴുതുവാനും മററു വേല ചെയ്‌വാനും നിനക്കുണ്ടാക്കിത്തന്നതിൽ നീയും താനും അറിഞ്ഞിരിക്കുന്ന എണ്ണമില്ലാത്തു കുററങ്ങൾ ഈ നിന്റെ രണ്ടു കൈകൾകൊണ്ടും ചെയ്യതിനാൽ ഇവര ഒരു 'കയ്യാലും മററും ഗദസേമ്മാനിൽ വച്ചതന്നെ പിടിച്ച നേരംമുതൽ പലരുടെ കൈകളാലും പല ഊഴവും തന്നെ അടിപ്പാനായിട്ടു അവരുടെ കൈകൾക്കു ശക്തി കൊടുത്തു പലപ്പൊഴും ഈ കന്നങ്ങളിൽ അടിപ്പിച്ചത നിന്റെ കൈ തന്നെ. ആയുസ്സിൻ

വണ്ണം തന്റെ തിരുക്കണ്ണുകളെ നിനക്കുക. ഇതാ തലയിൽ നിന്നിറങ്ങിയിരിക്കുന്ന മുള്ളുകളുടെ മുനകളാലും പലേ ഊഴവും തലയിൽ അടിച്ചതിൽ അത്രെ. കണ്ണുകളും ചോരനിറമായി കാണുന്നില്ലയോ, അയ്യോ! ഇതു് എന്തു്? നിനക്കു കണ്ണു തന്നതുതന്നെയിതിന്നവകാശം. നിന്നെക്കുരുടനാക്കിയിരുന്നെങ്കിൽ തന്റെ കണ്ണുകൾക്കു സംകടം വരാഞ്ഞേനേ എന്നാൽ നിന്നോടുള്ള സ്നേഹത്തെപ്രതി സൂക്ഷമുള്ള രണ്ടു കണ്ണുകൾ നിനക്കു തന്നു. ഈ കണ്ണുകൾകൊണ്ടു മേല്പോട്ടു നോക്കി തന്റെ സൃഷ്ടികളുടെ മഹിമയെ കണ്ടുകൊണ്ടു തന്നെ അറിഞ്ഞു ബഹുമാനിപ്പാനുള്ളതിനുപകരം നിന്റെ കണ്ണുകൾകൊണ്ടു വ്യർത്ഥമായതും എണ്ണമില്ലാത്ത വിലക്കപ്പെട്ട കാഴ്ചകൾക്കു ഈ നിന്റെ കണ്ണുകളെ തുറന്നതിനാൽ അത്രെ ഈവണ്ണം തന്റെ കണ്ണുകൾ ചോരനിറമായി പകർന്നിരിക്കുന്നതു. ആ എന്റെ മനഗുണമുള്ള അപ്പാ, ഈ നിന്റെ മാണിക്യമുള്ള തിരുകണ്ണുകളുടേയും ഈ തിരുമുഖത്തിന്റേയും ഈ ഭാഷകളെ മാററി അനുഗ്രഹമുള്ള ഈ നിന്റെ തിരുമുഖത്തിന്റെ സൗന്ദര്യത്തെ എന്നിനിക്കു കാണ്മാനിടയാകും ആ എന്റെ മകനെ നിന്റെ ഭാഷ മാറുമ്പോൾ ഈ മുഖഭാഷയും നിന്റെ കണ്ണിൽ മാററപ്പെടുകയും ചെയ്യാം എന്നു് എന്നോടു നീ അരുളിച്ചെയ്യുന്നതിനാൽ കർത്താവെ ഇന്നുമുതൽ എന്റെ ഇഷ്ടമൊക്കെയും ഞാൻ ഉപേക്ഷിച്ചു എന്നെ നിനക്കു മുഴുവനും ഞാൻ കയ്യാളിക്കുന്നു. നിന്റെ തിരുമനസ്സല്ലാതെ മറെറാന്നും ഞാൻ ആഗ്രഹിക്കുന്നില്ല. അയ്യോ ഇനി എന്റെ കണ്ണുകളെ താഴ്ത്തി എന്റെ അപ്പന്റെ തിരുദേഹത്തെ ഒന്നു സൂക്ഷിക്കട്ടെ. ആ എന്റെ രക്ഷിതാവെ! നിന്റെ മാതാവിനോടു നീ അരുളിചെയ്ത വാക്യം ഇതുതന്നെയോ? അതായ്തു നിന്റെ മകനെന്നുള്ള ഭാഷയൊക്കെയും പകർന്നുപോകുമെന്നതല്ലോ നേരുതന്നെ, ആ കർത്താവെ, ഇതു എന്റെ ധൈര്യമില്ലാത്ത ഹൃദയത്തിനു

കാണ്മാനും സൂക്ഷിപ്പാനും പാടില്ലാത്ത കാഴ്ചതന്നെ. ഓ! നിന്റെ തിരുമുതുകും പുറവും ഞാൻ ദർശിപ്പാൻ നീ തന്നെ ഇനിക്കു ധൈര്യം തന്നില്ലങ്കിൽ ഇതിനെ നിന്നു സൂക്ഷിപ്പാൻ വശമാകയില്ല. ഇതല്ലാതെയും ഈ മാംസങ്ങൾ ഒക്കെ ചിതറി തൂങ്ങി വെളുത്ത അസ്ഥികളും ഞരമ്പുകളും കാൺമാൻ തക്കവണ്ണമുള്ള പലതരമായ വടികളാലും മുൾപരമ്പുകളാലും ആളുകൾ മാറിയുള്ള അടികളാലും ഈ നിന്റെ ദേഹത്തിലുള്ള മാംസങ്ങളെ പറിച്ചു നീക്കിയതിനുള്ള കാരണക്കാരൻ ഞാൻ തന്നെ എന്നുള്ള വിചാരത്തോടുകൂടെ ഈ ദേഹത്തെ എങ്ങനെ ഞാൻ ദർശിക്കുന്നു. ആ പ്രിയമുള്ള കർത്താവെ! ഈ പുഴുവിനെപ്രതി നീ സഹിച്ചതെങ്ങിനെ. നീ ഇതിനെ ഇനിക്കുവേണ്ടി സഹിച്ചു എന്നു് അറിഞ്ഞിരുന്നുംകൊണ്ടു പിന്നെയും നിന്നെ ഞാൻ ഉപേക്ഷിച്ചതെങ്ങിനെ. ഇതിനെ നീ സഹിച്ചിരിക്കയിൽ എന്നെ നീ ഉപേക്ഷിക്കുന്നതെങ്ങിനെ. ഇതിനെ ഞാൻ സൂക്ഷിച്ചുനോക്കിയാൽ ഇനി എങ്കിലും നിന്നെ ഞാൻ സ്നേഹിക്കാതിരിക്കുന്നതെങ്ങനെ. ഇത്ര നീ എന്നെ സ്നേഹിച്ചപ്പോൾ നിന്നെയല്ലാതെ മറ്റൊന്നിന്റെമേൽ സ്നേഹം തോന്നുന്നതെങ്ങിനെ. ആ കർത്താവെ നിന്നെ ഞാൻ ഉപദ്രവിച്ചതിൻവണ്ണമെങ്കിലും നിന്നെ സ്നേഹിപ്പാൻ മനഗ്ഗുണം തരണമെ. കർത്താവെ! പാപപ്പൊറുതിക്കു പരി. വേദത്തിൽ കല്പിച്ച ബലിപൂജയുടെ ആട്ടിൻചോര മുഴവനും പാളയത്തിന്റെ അകത്തു ചിന്തി മാംസം ശരീക്കു പുറത്തു പുറപ്പെടുത്തി ദഹിപ്പിക്കണമെന്നുള്ള പ്രമാണംപോലെ ഗാഗുൽത്തായിൽ നിന്നെ പൂജിക്കും മുൻപിൽ നിന്റെ നഗരിയായ എന്റെ ഉള്ളിൽ ഈ നിന്റെ ചോരയൊക്കയും ചിന്തുവാൻ തിരുമനസ്സായല്ലോ. ലോകത്തിൽ പറയുംവണ്ണം രക്തപ്രിയനെന്നു് പറയുന്ന പുലി, മാംസത്തെക്കാൾ ചോരകുടിപ്പാൻ ഇശ്ചിക്കയാൽ പിടിച്ചതിന്റെശേഷം കൊല്ലുംമുമ്പിൽ ചോര

ഒക്കയും വലിച്ചു കുടിക്കുംവണ്ണം അയ്യോ പാപത്തിന്മേലുള്ള എന്റെ ദാഹം തീൎപ്പാനായി ഗദസേമ്മനിൽ തുടങ്ങി നിന്റെ ചോര ഞാൻ കുടിച്ചു തുടങ്ങിയാറെയും തൃപ്തിവരാതെ രക്തഞരമ്പുകളിലുള്ള ചോര തീൎന്നിട്ട മാംസത്തിന്റെ ഇടകളിൽ ശേഷിച്ചിരുന്ന ചോരയും കുടിപ്പാനായി ഞാൻ നിന്റെ മാംസം ചീന്തി പൊളിച്ചുവല്ലൊ. ആ അപ്പാ! ഇതുകൊണ്ടും ഞാൻ മതിയായവനല്ലല്ലോ. നീ എന്റെമേൽ വച്ച സ്നേഹത്തിന്ന മതിയായില്ലല്ലൊ. ആ മല്ലനെപ്പോലെ വഴിനടപ്പാൻ ചാടും എന്നെഴുതിയിരുന്നതിൻവണ്ണം മാംസം ഇല്ലാതെ പൊങ്ങിയിരിക്കുന്ന നിന്റെ തോളിന്മേൽ എന്റെ പാപചുമടുകൾ കെട്ടിവെച്ചിരിക്കുന്ന ഭാരമായ കുരിശിനെ തെളിവോടെ എടുത്തുവച്ചുകൊണ്ട നടന്നുവല്ലൊ. ആ! എന്റെ പിതാവെ! ഇതിന്റെ പിറകെ ഞാനുംകൂടി വരുന്നതിന്ന എനിക്ക മഹാ സംകടം തന്നെ. അതെ ഉണ്ട്. ഈ നിന്റെ മണവാളത്തിന്റെ ദിവസത്തിൽ നിന്റെ അമ്മ വച്ചു ചൂടിയിരിക്കുന്ന മുടിയോടുകൂടിയുള്ള പുറപ്പാടിനെക്കാൾ സെഹിയോന്റെ പെൺപൈതങ്ങളെ വിളിക്കുന്നു എന്ന ദൈവവാക്യംപോലെ ഈ കല്യാണപന്തലായ ഗാഗുൽത്തായിൽനിന്നു പുറപ്പെട്ടു നടന്നു എന്ന ഈ പുറപ്പാട്ടിൽ നീ ചമഞ്ഞിരുന്ന മണവാളവസ്ത്രവും നിന്റെ കഴുത്തിലിട്ടിരിക്കുന്നു. കനമേറിയ സങ്ങ്ലിമാലകളും അരയിൽ കെട്ടിയിരിക്കുന്ന പൊൻപീത്തയും ശിരസ്സിൽ ചൂടിയിരിക്കുന്ന എത്രയും വിലതീരാത്ത വൈരമുടിയും കൈയിൽ എടുത്തിരിക്കുന്ന നിന്റെ രാജചെങ്കോലും നിന്റെ തോഴമ്മക്കാരായി മുൻപും പിൻപും നടക്കുന്ന ജനക്കൂട്ടവും ഇരുപുറവും കൂടെ നടപ്പാനായി. ചമയിച്ചു നടത്തിയിരുന്ന രണ്ടു കൂട്ടു തോഴമക്കാരും മുമ്പിൽ കൊട്ടി അറിയിക്കുന്ന വാദ്യഘോഷവും കല്യാണസംഗതിയെ പാടി കേൾപ്പിക്കുന്നു എന്നയിടക്കിടക്കുള്ള പാട്ടുവായനയും, ഈ നിന്റെ

യാത്രകണ്ട അനുവാദം തരുവാനായിട്ടു നിന്റെ പ്രിയമുള്ള അമ്മയുടെ കൂടിക്കാഴ്ചയും നടപ്പിന്റെ ക്ഷീണം തീർപ്പാനായിട്ടു കൂടെക്കൂടെ നിന്നെ കുടിപ്പിക്കുന്ന മധുരവെള്ളങ്ങളും ഇതൊക്കയും ഞാൻ നിരൂപിച്ചു കാണ്മാൻ പാടില്ല. എന്നാൽ എന്നെയും നിന്റെ മണവാട്ടികളുടെ കൂട്ടത്തിൽ ചേർപ്പാനായിട്ടത്രെ ഇത്ര വലിയ ദുഃഖഘോഷങ്ങൾ കഴിക്കുന്നതു് എന്നുള്ള വിചാരം മാത്രം ഇനിക്കു മതിയല്ലൊ ആയ്തുകൊണ്ടു കർത്താവെ ഇനി ഞാൻ തൂങ്ങപ്പെട്ട നിന്റെ കുരിശിനെ തഴുകി നിൽക്കുന്ന മഗ്ദലയിത്തമ്മയെ എന്റെപേക്ഷ വിടെ നിറുത്തിക്കൊണ്ടു, വലത്തുഭാഗത്തുള്ള കള്ളന്റെ കുരിശിൽ ഞാൻ കരേറി അദ്ദേഹത്തിന്റെ എരിവുള്ള സ്വരത്തോടെ ഞാനും അപേക്ഷിക്കുന്നു. കർത്താവെ അയാളോടു കല്പിച്ചപോലെ നിന്റെയിഷ്ടപ്രസാദമെന്ന പറുദീസായിൽ ഇപ്പോൾ തന്നെ നീ എന്നോടു കൂടെ ആയിരിക്കും എന്നുള്ള തിരുവചനം എന്റെ ഉള്ളിൽ കേൾപ്പിച്ച നിന്റെ ദൈവഇഷ്ടപ്രസാദം എന്നിൽ നിലനിറുത്തി പാപങ്ങൾ ഒക്കെയും പൊറുത്തരുളണമെ. ആമ്മേൻ.

---

# രണ്ടാം ദിവസം

---

## എളിമയ്ക്കടുത്ത പ്രകാരണം

ധ്യാനാസ്പദപ്പാട കഴിച്ച് സർവ്വേശ്വരന്റെ തിരുമുമ്പിൽ കുമ്പിട്ടു ഏദയക്കണ്ണാൽ തന്നെ ദശിച്ചാരാധന ചെയ്യപേക്ഷിക്കേണ്ടും വിധം.

ഓ, അറുതിയില്ലാത്ത മഹിമ ശോഭനം നിറയപ്പെട്ടിരിക്കുന്ന പരമപരാപരവസ്തുവായിരിക്കുന്ന സർവ്വേശ്വരാ, നിന്നെക്കണ്ടു ഒരുത്തനും ജീവിക്കുന്നില്ല

എന്ന് നീതന്നെ അരുളിച്ചെയ്യുന്നു എന്നു ഞാൻ കേൾക്കുന്നതിൻവണ്ണംതന്നെ നിന്റെ മഹിമയുടെ വലിപ്പത്തെയും ഞാൻ കാണുന്നുവല്ലൊ. നിന്റെ സ്ഥാനപതിയായ ദൈവദൂതനിറങ്ങിയ സീനൈമലയിൽ ഉണ്ടായ പ്രകാശത്താൽ മലയുടെ അടിവാരത്തിൽനിന്ന് മേല്പോട്ടു കരേറുവാൻ ആ മഹാജനങ്ങളിൽ ഒരുത്തനും ധൈര്യ്യമുണ്ടായില്ലല്ലൊ. മഹാപിതാവായ മൂശനിവ്യാ നിന്റെ സ്നേഹധൈര്യ്യത്തിലുറച്ച് കരേറി മേഘത്തിനുള്ളിൽ പുക്കാറെ, ഏഴുദിവസം ഭ്രമിച്ചു ഒന്നും കാണ്മാനും ബോധിപ്പാനും വശമില്ലാത്തതിൻവണ്ണം നിർജ്ജീവനായി പാർത്തുവല്ലൊ. എന്നാൽ ഈ ഭയം ഒരു വിധമായി അടങ്ങിയതിൻശേഷം മേഘത്തിൻ ഇടയിൽ മറച്ചുകൊണ്ടു ശേഷമുള്ള മുപ്പത്തിമൂന്ന് ദിവസവും സ്വരത്താൽ ദൈവകല്പനകളെ കേൾപ്പിക്കയും മറവിൽ ദർശിച്ച ദേവാലയപണികളെ കാണിക്കയും ചെയ്യുതല്ലാതെ ഈ നിന്റെ സ്ഥാനപതിയുടെ മുഖദർശനംകൂടെയും കാട്ടായ്കയാൽ ഈ പിതാവു സാധ്യപ്പെട്ടപേക്ഷിച്ചാറെ നിന്റെ മുഖം എന്റെ കൈയാൽ മറച്ചുകൊണ്ടു ഞാൻ കടപ്പാനായി തിരിയുമ്പോൾ എന്റെ കൈ നീക്കികൊണ്ടു നിന്റെ കണ്ണിനെ തുറക്കുമ്പോൾ എന്റെ പുറം നിന്നെ കാണിക്കാം. ഇതല്ലാതെ മുഖം നീ ദർശിച്ചാൽ നീ മരിച്ചുപോകുമെന്നും കല്പിച്ചപ്രകാരം ആ കടപ്പിന്റെ ക്ഷണമാത്രയിൽ ഈ ദിവ്യപുറം ദർശിക്കയാൽ ഈ മഹാത്മാവിൻ മുഖരൂപം ഉച്ചയിൽ ആദിത്യനെപ്പോലെ പ്രകാശമായതിനാൽ മലയിൽനിന്നു വന്നാറെ മരിക്കുംവരെയും അദ്ദേഹത്തിൻമുഖത്തുനോക്കുവാൻ മറ്റു മനുഷ്യർക്കു പാടില്ലായ്കയാൽ മുഖത്തിൽ മൂടുപടം ഇട്ടു സംസാരിച്ചുവല്ലൊ. ആ സർവ്വേശ്വരാ നീ പ്രമാണം കൊടുപ്പാൻ ദൈവദൂതനെ യാത്രയാക്കിയെന്നും നടുസ്ഥാനിയായ മാലാഖായാൽ മാർഗ്ഗംകൊടുത്തു എന്നും ശുദ്ധ. പുസ്തകം സാക്ഷിക്കുന്നല്ലൊ. ഇശൂ തമ്പുരാൻ എന്ന്

വിശ്വസിച്ചെന്നെ അപ്പഴൊ ഈ ദൈവത്തിന്റെ
പുറകു കണ്ടാറെ ഈവണ്ണമുള്ള ഭാഗ്യം ഉണ്ടായിയെന്നു
വരുമ്പോൾ സകല നന്മ മഹിമ ശക്തി ശോഭനഗുണ
തേജസ് ഇവ മുതലായ ഗുണപൂൎണ്ണാദിയായ സൎവ്വേ
ശ്വരാ ഞാൻ ഈ ധ്യാനമുറി എന്ന മലയിൽ കരേറു
വാൻ ഭയപ്പെട്ടുനിന്ന ഇസ്രായേൽ ജനത്തെപ്പോലെ
ഈ വാതിൽ കടക്കാതെ ഭയപ്പെട്ടുനിൽപ്പാൻതന്നെ
ന്യായം. ഇങ്ങനെയിരിക്കയിൽ ആ മലയിൽ ഇറങ്ങിയ
മാലാഖായെ അല്ല പിന്നയോ അദ്ദേഹത്തെ സൃഷ്ടിച്ച
ഉടയവനായ നിന്നെത്തന്നെ കൎത്താവെ ഈ പ്രാൎത്ഥ
നമുറിയിൽ എന്നെ കാണിപ്പാനായി എഴുന്നെള്ളിയി
രിക്കയിൽ മഹാപാപിയായ ഞാൻ എങ്ങനെ ഭയം
കൂടാതെ ഇതിൽ കരേറും. എന്നാൽ ഇസ്രായേൽജനം
ഈ മല മുഴുവനും എരിഞ്ഞുകത്തുന്നു എന്നും ഇടികൾ
വെട്ടുന്ന സ്വരത്തിൻഘോരത്താൽ കല്ലുകൾ തകൎന്നുപോ
കുന്നതിനേയും മേഘം ഇറങ്ങി മലയെ മൂടിയിരിക്കു
ന്നതിനേയും കാഹളകൊമ്പിന്റെ സ്വരം ഊതുന്നതും
മലവരെ ആ സ്വരം ശക്തിപ്പെടുന്നതിനേയും ഇതൊ
ക്കയുംകണ്ട അതിന്നടുത്താൽ അവരു മരിച്ചുപോകും
എന്നും ഭയപ്പെട്ടുകയാൽ മലസ്സൂണവാൻ അവരു ഭയ
പ്പെട്ടു. ആ! എന്റെ അനുഗ്രഹം നിറഞ്ഞ പിതാവെ!
ഇവരു മലയുടെ പുറമെ എരിയുന്ന വഹ്നിത്തിന്നടുത്ത
തീയെ അവരു കണ്ടു. ഞാൻ ഈ മുറിയിൽ സൂക്ഷിക്കു
ന്നപ്പോൾ പാപത്തിന്മേലുള്ള നിന്റെ അത്യന്തവെറു
പ്പാൽ അറുതിയില്ലാത്ത നിന്റെ നീതിയാൽ ദുഷ്ടരു
ടെമേൽ ക്രൂരമായി കരിഞ്ഞുകത്തുന്ന എന്ന നിന്റെ
കോപാഗ്നിയുടെ കഠോരം ഇത്രയും കാണുന്നപ്പോൾ
ഇതിനെ അതിന്റെ ശക്തിക്കു തക്കവണ്ണം താൻ കാട്ടു
മ്പോൾ ഈ തീയുടെ എരിവിനെ സൂക്ഷിപ്പാൻ ആരു
വശമാകും.

ആ! മനോഗുണമുള്ള കൎത്താവേ! ഭേദംവരാത്ത
നിന്റെ തിരുവാക്കുകളടങ്ങിയ പുസ്തകത്തിൽ പൊ

ല്ലും ഈവണ്ണം കോപാഗ്നിയെ ഭയപ്പെടുവാൻ യാതൊ രവകാശവുമില്ലാത്ത നിൻെറ ഭൃത്യരായ മുഖ്യസാത്വികൾ താഴപ്പെട്ടവരുടെമേൽ നീ അരിശപ്പെടുമ്പോൾ തിരുമുഖത്തിൽനിന്നു് പുറപ്പെടുന്ന കോപാഗ്നിയെക്കണ്ടിവരുവിറച്ചു നടുങ്ങുന്നു. നരകത്തിൻെറ എത്രയും കാഠിന്യമായ അഗ്നിയിൽ എരിഞ്ഞുകത്തിയിരിക്കുന്ന പാപാത്മാക്കൾ ഈ നിൻെറ കോപാഗ്നി എരിയുന്ന തിരുമുഖം സൂക്ഷിക്കുന്നതിനെക്കാളിൽ നരകാഗ്നിയിൽ പതിക്കപ്പെടുന്നതെത്രയോ ആശ്വാസം എന്നു കാണിപ്പാനായി നരകത്തിൽ കുതിച്ചുചാടുവാൻ ആഗ്രഹിക്കുന്നു. ഇതിനു സാധിക്കായ്കയാൽ അവരെ മൂടുവാൻ മലകളെയും കുന്നുകളേയും വിളിക്കുന്നു എന്ന ആ ദിവസം ആരു ക്ഷമിക്കും, എന്ന ആ ദിവസം അരിശത്തിൻെറ ദിവസമെന്നും, ഇങ്ങനെ നിൻെറ ശുദ്ധമാക്കപ്പെട്ടവരുടെ വായാൽ ഭയപ്പെടുത്തുന്നു എന്ന നിൻെറ കോപാഗ്നി എരിവാനും എരിയിപ്പാനുമുള്ള അവകാശമായ പാപങ്ങൾ നിറയപ്പെട്ടിരിക്കുന്ന ഞാൻ ഈ നിൻെറ സന്നിധിയെ നോക്കുമ്പോൾ ഈ അഗ്നിജ്വാലയിൽ ഈ മുറി നിറയപ്പെട്ടിരിക്കുന്ന നിൻെറ മുൻപിൽ എങ്ങനെ ഞാൻ അണയുന്നു. എന്നാൽ കരുണയുള്ള പിതാവായിട്ടല്ലാതെ നീതികർത്തൃനായിട്ടല്ല ഇപ്പോൾ നീ എഴുന്നെള്ളിയിരിക്കുന്നതു എന്നു ഞാൻ അറിയുന്നു. അപ്പഴൊ! കർത്താവെ! നിൻെറ മഹിമയും വലിപ്പവും നീതിയും ഉയരപ്പെട്ടതാകുന്നു എങ്കിലും ഇതൊക്കെയിലും നിൻെറ അനുഗ്രഹവും ദയയും വലുതായിരിക്കയാലും നിൻെറ അരുളപ്പാടിൻപ്രകാരം നീതിയുടെ കാലവും ഗുണത്തിൻെറ കാലവുമുണ്ടല്ലൊ. എന്നു വരുമ്പോൾ ഈ മനഗുണകാലത്തിൻ മനഗുണത്തിനായി വിളിക്കുമ്പോഴും ഞാൻ ഭയപ്പെട്ടു നിൻെറ പക്കലണയാഞ്ഞാൽ ഇതിനാൽ തന്നെ നിൻെറ മനഗുണം നീതിയായിട്ടു തിരിവാൻ ഞാൻ തന്നെ കാരണമാകുമല്ലൊ. അയ്യോ എത്രയോ വലിയ നിർഭാഗ്യം. എന്നതി

നാൽ എൻെറ ആത്മാവെ! തൻെറ പക്കൽ നീ അണഞ്ഞുകൊണ്ടു തൻെറ അനുഗ്രഹത്തിനെ നീ സ്തുതിക്കുക. ആ എൻെറ ആത്മാവെ! നീ അറിഞ്ഞിരിക്കുംവണ്ണം ഈ മാലാഖാ ഇറങ്ങിയിരുന്ന മണ്ണിൻെറ മലയിൽ കരേറുവാൻ അഹറോൻ മുതലായ സകല ഇസ്രായേൽ ജനങ്ങളും ഭയപ്പെടുവാൻ തക്കവണ്ണമുള്ള പ്രഭയും സ്വരങ്ങളും ഉണ്ടായല്ലൊ. എന്നാൽ ഇപ്പോൾ നീ ആ മൺമലയിലല്ല പിന്നെയൊ തൻെറ ദൈവമഹത്വത്താൽ ഉയരപ്പെട്ട മട്ടബഹാ എന്ന മലയിൽ നീ കരേറി, ആ മലയിൽ ഒരു മാലാഖായിറങ്ങി; നീ നില്ക്കുന്ന ഈ മലയിൽ ദൈവദൂതന്മാരാൽ ചൂഴപ്പെട്ടുകൊണ്ടു അവരുടേയും നിൻേറയും സൃഷ്ടിതാവായ സർവ്വേശ്വരൻ തന്നെ എഴുന്നെള്ളിയിരുന്നുകൊണ്ടു ഒരു മേഘത്തിൻെറ മറവുകൂടാതെ നിന്നെ നോക്കി പ്രിയത്താൽ എൻെറ മകനെ നീ വരിക, എന്ത്യെ നിൻെറ പ്രിയമുള്ള അപ്പനായ എൻെറ പക്കൽ അടുത്തു വരാതിരിക്കുന്നു. നീ ഭയപ്പെടേണ്ട. എന്നെ വിട്ട് നീ അകന്നുപോയ നാഴിക മുതൽ എൻെറ ഹൃദയം ക്ലേശിച്ചിരിക്കുന്നു. നിന്നെക്കണ്ടെത്തുവാൻ എൻെറ സിംഹാസനത്തിൽ നിന്നിറങ്ങി, നീ ഭയപ്പെടായ്‌വാൻ നിന്നെപ്പോലെ ഒരു സൃഷ്ടിയുടെ മകനായി ഞാൻ പിറന്നു ആ മകനെ എൻെറ എളിമയെ നീ നോക്കുക. നീ പിറന്നപ്പോൾ നിൻെറ അമ്മയ്ക്കും നിനക്കും ഒരു നല്ല വീടും കട്ടിലും പായും തലയിണയും നിനക്കും നിൻെറ അമ്മയ്ക്കും സഹായം ചെയ്‌വാനുള്ള സഹായക്കാരും വേലക്കാരും ഉണ്ടായിരുന്നല്ലൊ. ഞാൻ നിനക്കുവേണ്ടി പൈതലായി പിറന്നപ്പോൾ ഇനിക്കും എൻെറ പാവപ്പെട്ട അമ്മയ്ക്കും ഒരു പഴയ മൃഗക്കൂടുമാത്രമുണ്ടായി; അതിനും കാററിനും കുളിരിനും ഒരു പുതയും കൂടാതെ തുടങ്ങി വിറച്ചുകൊണ്ടു. കട്ടിൽമെത്തയ്ക്കു പകരം കല്ലും, പായ് തലയിണയ്ക്കു പകരം കടം വാങ്ങിയ വൈക്കോലും, ഇങ്ങനെ ഞാൻ പിറന്നു. വീണ്ടും

നിന്നെ അന്വേഷിച്ചു കാട്ടിലും മേട്ടിലും കടലിലും മലയിലും ഞാൻ ചുററിനടന്നു. നിന്നെ ഞാൻ സ്നേഹിക്കുന്നതിനാലെ നിന്നെ എന്റെ അരമനയിൽ കൊണ്ടുപോയി സന്തോഷിപ്പിപ്പാനും ആയിട്ടത്രെ നിന്നെ അന്വേഷിക്കുന്നതെന്നും, നിന്നെ കീഴടക്കി വേല എടുപ്പിച്ചു വന്ന നിന്റെ ശത്രുക്കൾ അറിഞ്ഞതിനാൽ അവരെന്നെ പിടിച്ച് അടിച്ച് മുറിച്ച് പ്രാണഹാനി വരുത്തിയാറെയും ആ ക്ഷതങ്ങളും ക്ഷതജങ്ങളുംകൊണ്ടു തന്നെ നിന്റെ കേടുകൾക്കു തക്ക ഔഷധമുണ്ടാക്കി നിന്റെ രോഗവും പൊറുപ്പിച്ചു നിന്നെ മെഴുപ്പിപ്പാനായിട്ടു എന്റെ മധുരരക്തംകൊണ്ടു എത്രയും രുചിയുള്ള ഭോജനവും പാനവുമാക്കി നിന്നെ തീററി വളർത്തുന്നു. ഇതൊക്കയും കണ്ടാറെയും ഇനിയും നീ എന്റെ പക്കൽ അണവാൻ ഭയപ്പെടുന്നോ?

ആ എന്റെ പ്രിയമുള്ള അപ്പാ! ഇതു തന്നെ ഞാൻ വിചാരിച്ചു ഭയന്നു ലജ്ജിച്ചു. നിന്റെ തൃപ്പാദത്തുങ്കൽ അണവാൻ ഞാൻ ശങ്കിക്കുന്നു. അതെന്തെന്നു ഈവണ്ണം ഈ പുഴവായ എന്നെ സ്നേഹിച്ച എന്റെ കർത്താവെ! ഇതൊക്കയും എന്നെപ്രതി നീ ചെയ്താറെയും അയ്യോ ഞാൻ നിന്നോടുകാട്ടിയ നന്ദി എന്തു്. ശ്ലീഹായുടെ വചനത്തിൻവണ്ണം ഉപവി ഇതാകുന്നു. ഇതായതു തമ്പുരാനെ നാം സ്നേഹിച്ചതുകൊണ്ടല്ല പിന്നയോ താൻ, തമ്പുരാൻ നമ്മെ സ്നേഹിച്ചു എന്നത. ആ മനോഗുണമെ! ആ സ്നേഹമെ! ആ അനുഗ്രഹമെ! ആ ക്ഷമയുടെ ആഴമെ! ശത്രുക്കൾ നാം ആയിരുന്നപ്പോൾ ഈവണ്ണം നമ്മെ സ്നേഹിച്ചു നമുക്കുവേണ്ടി മരിച്ചു. അപ്പഴൊ സ്നേഹിപ്പാനായി തന്റെ പക്കൽ നാം ചെല്ലുന്നുയെങ്കിൽ നമ്മെ സ്നേഹിക്കായ്‌വാൻ തനിക്കു വശമുണ്ടാകുമൊ! അയ്യൊ! ഇതൊക്കെയും ഞാൻ അറിഞ്ഞിരുന്നു എങ്കിലും തന്നോടു ഞാൻ നന്ദികേടു ചെയ്തു. ആ എന്റെ മനോഗുണമുള്ള പിതാവെ! നിന്റെ സ്നേഹത്തെ ഞാൻ കണ്ടാറെയും അതിനെക്കാ

യിൽ മണ്ണും പുഴവും ഞാൻ വലുതായി സ്നേഹിച്ചു. ആ മനോഗുണമെ! നന്ദിയില്ലാത്ത മകനായ എന്നെ അന്വേഷിച്ചു് ഉച്ചയിലും പാതിരാവിലും, മഞ്ഞിലും പനിയിലും, വെയിലിലും, കാട്ടിലും, മേട്ടിലും, കരയിലും, കടലിലും ചുററിത്തിരിഞ്ഞു നടന്നു് എന്നെ തേടിയ രക്ഷിതാവിൻെറ തൃക്കാലുകളെ, എൻെറ കാലുകളിൽ പിശാചുകെട്ടിയ വള്ളികളെ പൊട്ടിപ്പാനായിട്ടു കയറുകളാൽ വരിഞ്ഞു കെട്ടപ്പെട്ട തൃക്കാലുകളെ, എൻെറ പിടലിയിൽ ഞാൻ കെട്ടിവച്ച പാപച്ചുമടുകളെ എന്നിൽനിന്നിറക്കുവാനായി ഭാരപ്പെട്ട കരിശുമരത്തിനെ മാംസമില്ലാതെ ചതഞ്ഞിരുന്ന തിരുത്തോളിന്മേൽ കരേററിക്കൊണ്ടു ഗാഗുൽത്താമലയിലുള്ള കൂൎത്തുമൂൎച്ചിച്ച കടുത്ത പാറകളിൽ ചവുട്ടി നടന്ന നിൻെറ തിരുപ്പാദങ്ങളേയും ഞാൻ കണ്ടിരുന്നാറെയും നിനക്കു വിരോധമായി എൻെറ കാലുകളെ ഞാനിളക്കിയതെങ്ങനെ! പാപത്തിന്നായി എൻെറ കാലുകളെ ഇളക്കായ്‌വാൻ വേണ്ടി ഇളകാത്തവണ്ണം പെരിയ ആണികളാൽ നിൻെറ തിരുക്കാലുകളെ തറച്ചിരിക്കുന്നതു ഞാൻ കണ്ടാറെയും വീണ്ടും എൻെറ കാലുകളെ ഞാൻ ഇളക്കിയതെങ്ങനെ. ഇതിനാലെ ഞാൻ സങ്കടപ്പെട്ടു പൊറുതി അപേക്ഷിച്ചുകൊണ്ടു് ഇനി എൻെറ കാലുകളാൽ നിന്നെ സങ്കടപ്പെടുത്താതെ എൻെറ കാലുകളുടെ ഇളക്കങ്ങളൊക്കയും നിൻെറ തൃക്കാലുകളുടെ നൊൻപരത്തോടും ഇളക്കങ്ങളോടുംചേൎത്തു നിനക്കു ഞാൻ കാഴ്ചവെയ്ക്കുന്നു. ആ കൎത്താവെ! എൻെറ കണ്ണുകളെ കറെപൊക്കി നിൻെറ തിരുവയറും തിരുമേനിയും ഞാൻ നോക്കുന്നപ്പോൾ ഇതു് എൻെറ അതിദുഃഖത്തിനു കാരണമാകുന്നല്ലൊ! ഇതാ നിൻെറ തിരുമുട്ടുകൾ കനമേറിയ എൻെറ പാപച്ചുമടു ചുമന്നുകൊണ്ടു ഗാഗുൽത്തായിലുള്ള നിൻെറ കേററത്തിൽ പലപ്പോഴും മുട്ടുകുത്തി കവിഴ്ന്നു് വീണതിനാൽ നേൎമ്മയുള്ള നിൻെറ കാൽമുട്ടിലുള്ള തിരുചൎമ്മങ്ങൾ പൊട്ടി മലൎന്നു് രക്തം

ഭക്ഷിച്ചു് പച്ചനിറമായി നട്ടെല്ലുകൾ കാണപ്പെടുന്നു. അയ്യോ! എന്റെ പ്രതിജ്ഞകളെ തവറി വീണ്ടും വീണ്ടും പല ഊഴങ്ങൾ ഞാൻ പാപക്കുഴിയിൽ വീണതിനാലെ ആ കേടുകളെ തീൎപ്പാനായിട്ടല്ലൊ വീഴ്ചകളുടെ സങ്കടവും നീ അനുഭവിക്കേണ്ടി വന്നു. ആ നിന്റെ തിരുവയറു് മുള്ളെല്ലിൽപറ്റി പശിദാഹത്താലൊട്ടിയിരുന്നാലും കഠിനസേവകരുടെ കാഠിന്യ അടികളാൽ മുറിവില്ലാത്തയിടമില്ലാത്തവണ്ണം ചതഞ്ഞും പൊളിഞ്ഞും ചുളുങ്ങിയും ഇരിക്കുന്ന തിരുമാംസം രക്തക്കറയില്ലാത്തയിടം ഈ ദേഹത്തിൽ കാൺമാനില്ലാത്തവണ്ണം സൎവ്വാംഗം രക്തക്കറയാൽ നിറഞ്ഞിരിക്കുന്ന തിരുമേനിയെ സൂക്ഷിക്കുമ്പോൾ തലേനാൾ നിന്റെ തിരുമാതാവിനോടു നീ അരുളിയപോൽ നിന്റെ മകനെന്നുള്ള ഭാഷയൊന്നും കണ്ടറിവാൻ വഹിയാത്തവണ്ണം പകരപ്പെട്ടുമെന്നുള്ള തിരുവചനംപോൽ സൎവ്വാംഗം നിറഞ്ഞിരിക്കുന്ന ക്ഷതങ്ങളും ക്ഷതജങ്ങളും ഞാൻ ഓൎക്കുമ്പോൾ ഓ! എന്റെ അപ്പന്നു ഞാൻ കൊടുത്ത സമ്മാനമിതല്ലൊ എന്നു് എന്റെ ശങ്കിൽ കൊള്ളുന്നയിടികൾ എന്റെ ശങ്കിനെ പൊളിക്കാതിരിക്കുന്നതെങ്ങനെ. ആ ഇതിങ്ങനെ ആകുന്നുവെങ്കിലും ഞാൻ തന്നെ ചെയ്തുപോയി. നിന്റെ തിരുമനസ്സുപോലെ എന്നെ ശിക്ഷിക്ക. ആ നാറുന്ന എന്റെ ശരീരത്തിൻമേൽ സ്നേഹിച്ചതിനാൽ ഇതൊക്കെയും നിനക്കു ഞാൻ വരുത്തി. ആ എന്റെ കണ്ണുകളെ നിങ്ങൾ കുറെക്കൂടെ പൊക്കി ഈ നിന്റെ സൃഷ്ടിതാവിന്റെ തിരുമുഖം സൂക്ഷിക്ക. ഈ തിരുമുഖം ആകാശത്തിലുള്ള മാലാഖമാരെ തെളിയിക്കുന്നതും ദുഃഖമുള്ള ആളുകൾ ഈ തിരുമുഖത്തിൽ നോക്കിയാൽ അവരുടെ ദുഃഖം തെളിവിൽ പകൎത്തുന്നതും ഇതിനാൽ തന്റെ ജീവിതത്തിൽ ബഹുളരമായ റോമ്മാ എമ്പ്രദോരന്മാരുടെ ചെവിയിൽ ഈ തിരുമുഖവടിവിനെ സ്തുതിച്ചതിനാൽ ഈ ചരായ സമൎത്ഥന്മാരായ ചിത്രക്കാ

രെക്കൊണ്ടു് എഴുതിച്ച അവരുടെ കോവിലകത്തു് സ്ഥാപിച്ചിരുന്നു. ഈവണ്ണം സൗന്ദര്യമുള്ള തിരുമുഖം ഇപ്പോൾ എങ്ങനെ പകരപ്പെട്ടിരിക്കുന്നു ഈ തിരു കവിളിൽപെട്ട അടിയാൽ രക്തം ദുഷിച്ചു കരുവാളി ച്ചു ആ വിരലുകളുടെ ഭാഷയിൽ തടിച്ചും സേവകരു ടെ അശുദ്ധ ഉമിനീരുകളാൽ കറ നിറഞ്ഞും തല യിൽ പതിഞ്ഞ മുൾമുനകളാൽ തുറന്ന മുറിവിൽനിന്നു് ഒഴുകി വടിഞ്ഞ പിണഞ്ഞ രക്തങ്ങളാലുള്ള ശ്ലേഷ്മ രക്തം വടിഞ്ഞുറഞ്ഞു. ഇരുന്ന നാസികകളിൽനിന്നും തുങ്ങുന്ന രക്തതുള്ളികളും തിരുത്താടിരോമങ്ങളെ പറി ച്ചതിനോടുകൂടി ചുളയോടമിയപ്പെട്ട മുറിവുകളും ന ക്ഷത്രത്തെക്കാൾ ശോഭിച്ചുവിളങ്ങുന്ന തിരുനയനങ്ങൾ തലയിപ്പെട്ട അടികളാൽ രക്തനിറമായി കറുത്തതും വെളുത്തതും ഇരുനിറം കാണാതെ രണ്ടും കലങ്ങി രക്തമായി പകരപ്പെട്ടും തിരുപ്പോളകളിൽ രക്തം പി ണത്തു് തുങ്ങി തുറപ്പാൻ പാടില്ലാത്തവണ്ണം അടയ പ്പെട്ടുന്നു. തൊണ്ടിപ്പഴംപോൽ ശോഭയുള്ള തിരുച്ചുണ്ടു കൾ കരിഞ്ഞ നിറമായിട്ടും ഈവണ്ണം സൗന്ദര്യമുള്ള എന്റെ കർത്താവിന്റെ തിരുമുഖം എന്റെ പാപങ്ങ ളാൽ ഈവണ്ണം പകരപ്പെട്ടിരിക്കുന്നതിനെ ഞാൻ കാ ണുന്നു. അയ്യോ! ഇന്നിക്കതിസംകടത്തിന്ന കാരണമാ കുന്നുവല്ലൊ. പൂർവ്വകാലത്തിൽ ഒരു മകന്റെ കുററ ത്തിനാൽ ഇരുകണ്ണുകളും കുത്തുവാൻ രാജനീതി വി ധിച്ചതിനാൽ മകനോടുള്ള സ്നേഹത്താൽ അപ്പന്റെ ഒരു കണ്ണും മകന്റെ ഒരു കണ്ണും ഇങ്ങനെ അപേ ക്ഷിക്കയാൽ പിതാവിന്റെ അപേക്ഷപ്രകാരം മകനെ പ്രതി കുത്തപ്പെട്ട ഒരു കൺകുരുടനായി ജീവിച്ചു.

ആ പ്രിയംനിറഞ്ഞ പിതാവായ മാർ യൗസേപ്പു പുണ്യവാളാ! ശുദ്ധ പള്ളിയുടെ ജയസന്തോഷമെന്നും പാർത്തിരിക്കുന്ന ഈ 68-ാം കാലവും നിന്റെ തിരു മാസത്തിൽ കടശിയും ആയ ഈ ദിവസത്തിൽ എ ന്റെ ദുർഗ്ഗുണങ്ങളുടെ കടശിയും എന്റെ ആത്മശ

ത്തുക്കളോടുള്ള ജയസന്തോഷവും ഇനിക്കു എന്റെ പിതാവായ നീ നിന്റെ പുത്രനെ ബോധിപ്പിച്ച തരുവിക്കുമെന്നും ഞാൻ ശരണപ്പെട്ടുകൊണ്ടു് ഈ ചുരുങ്ങിയ അപേക്ഷകൾ നിന്റെ തൃപ്പാദത്തുങ്കൽ ഞാൻ അണയ്ക്കുന്നു.

കരുണയുള്ള പിതാവെ! ശ്രു. അമലോത്ഭവ മാതാവിനെ നിന്റെ മുഷ്കരത്തിലും പരിപാലനയിലും അവരുടെ 14 തിരുവയസ്സു പ്രായത്തിൽ നീ കൈക്കൊണ്ടാറെ 45 വയസ്സുവരെയും ഈ പരി. കന്യാസ്ത്രീ എന്ന ദേവമാതാവിനെ സൂക്ഷിച്ചു പരിപാലിച്ചു നടത്തി വന്നതിൽ ഒരു വിനാഴിക എങ്കിലും ഒരല്ല സംഗതിയിൽ എങ്കിലും ഈ മഹാരാജസ്ത്രീക്കു മുഷിച്ചിലും ഇഷ്ടക്കേടും തോന്നിച്ചില്ല. എന്നു തന്നെയല്ല പിന്നയൊ എപ്പഴും എല്ലാത്തിലും ഈ അമ്മയെ അധികമായിട്ട തെളിയിക്കയും തൃപ്തിവരുത്തുകയും ചെയ്യതെന്നിയെ എല്ലാപ്പഴും ഈ അമ്മ കടക്കാരത്തി എന്നതുപോലെ നിർബന്ധപ്പെട്ട് നിന്റെ സഹായങ്ങളും ശുശ്രൂഷകളും കൈക്കൊണ്ടുവരികയും എത്രയും വലിയ ആശാരത്തോടും കീഴ്‌വഴക്കത്തോടും ഈ മഹാത്മാവിന്റെ ഭാര്യ എന്ന് വിളിക്കപ്പെട്ടുവാൻ തക്ക യോഗ്യത ഇനിക്കില്ല എന്നുള്ള വിചാരത്തോടുകൂടെ ഈ അമ്മ വ്യാപരിച്ചു വന്നു എന്നും വിചാരിപ്പാൻ ന്യായമായി തോന്നുന്നു. അതെങ്ങിനെയെന്നാൽ മാലാഖായുടെ അറിയിപ്പാൽ താൻ ദൈവകുമാരനെ ഗർഭം ധരിച്ചു എന്ന വിവരം അറിവിപ്പാൻ തനിക്കു് മനസ്സുണ്ടായി എങ്കിലും ചോദിക്കാതെ ഒന്നും അങ്ങോട്ടു കടന്നു പറവാൻ തന്റെ ആചാരം അനുവദിച്ചില്ല. എന്നാൽ ഈ വിവരം അറിയായ്കയാൽ ഗർഭം കാണുന്നു എന്നതു തന്റെ പ്രിയ ഭർത്താവിന്റെ ഹൃദയം എത്രയും വലിയ ദുഃഖത്താൽ പൊടിയുന്നു എന്നും വിവരം അറിഞ്ഞാൽ ഈ ദുഃഖമൊക്കയും തീന്ന് സന്തോഷമുണ്ടാകുമെന്നും താൻ അറിഞ്ഞിരിക്കയും ഈ പട്ടാങ്ങ അറി

യായ്കയാൽ ദുഃഖത്തിൻെറ എററിപ്പാലും കുററത്തി
ൻെറ ഭയത്താലും തനിക്കു ഏകതുണയായിരിക്കുന്ന ഈ
പുണ്യവാൻ തന്നെ വിട്ടുപിരിഞ്ഞുപോകുവാൻ നിശ്ച
യിച്ചു എന്നും ഇങ്ങനെ പിരിഞ്ഞുപോയാൽ തനിക്കും
ദൈവപുത്രനും ഭൂലോകത്തിൽ മററു തുണയില്ലെന്നും
ഇതൊക്കെയും ഈ അമ്മ നിരുപിച്ച് താനും അധിക
മായിട്ടു ദുഃഖിക്കുന്നു എങ്കിലും ചോദിക്കാതെ പറയുന്നത
തൻെറ ആചാരത്തിന്നു ശരിയല്ലെന്നു് നിരുപിച്ചു
ചോദിപ്പാൻ ഇടവരുവാൻ തക്കവണ്ണം സ്നേഹത്താൽ
തൻെറ പക്കൽ അണഞ്ഞു ശുശ്രൂഷചെയ്കയും ഒരു മ
ഹാ ക്ലേശംപോലെയിരിക്കുന്നതിനു കാരണമെന്തെ
ന്നും തങ്ങളുടെ തുണയാൽ മാത്രം ജീവിക്കുന്നു എന്നാൽ
നീക്കുവാൻ കഴിയുന്നതായിരുന്നാൽ ദുഃഖകാരണം അ
റിവിച്ചാൽ വശംപോലെ നീക്കുവാൻ ഉത്സാഹിക്കാമെ
ന്നും ഇങ്ങനെയും എളിമയോടെ അറിവിച്ചതല്ലാതെ
ചോദിക്കാതെ പറവാൻ തുനിഞ്ഞില്ല. ഈ അമ്മ ഈ
വണ്ണം ബഹുമാനിച്ചു വന്നാറെയും ഈ അമ്മയും പതി
വ്രതത്തിന്മേൽ തനിക്കു യാതൊരു സംശയവും തോന്നി
ട്ടുമില്ല എന്നതിനാൽ ഇതിൻെറ രഹസ്യമറിയായ്കയാൽ
മാത്രം താൻ ദുഃഖിച്ചു വന്നു എന്നു് കാണിക്കയും ചെ
യ്തു. ഈവണ്ണം ഈ ശ്രു. അമ്മയ്ക്കു യാതൊരു വചന
ത്താൽ കൂടെയും ഒരു ക്ലേശത്തിന്നിട കൊടുക്കാതെ എ
ല്ലാപ്പഴും ഈ അമ്മയെ തെളിയിച്ചും സന്തോഷിപ്പിച്ചും
തൻെറ ആയുസ്സുമുഴുവനും കഴിച്ചുവരികയും ചെയ്തുവ
ല്ലൊ. ആയതിൻവണ്ണം തന്നെ തൻെറ ദിവ്യപുത്രനും
കർത്താവുമായ ഈശോമ്ശിഹായെ 30 വയസ്സുവരെ
യും വളർത്തി സൂക്ഷിച്ചു പാലിച്ചു തീററി കാത്തുവ
ന്നതിൽ യാതൊരു സമയത്തിൽ എങ്കിലും ഈ പൈ
തൽ ഒരു സുഖക്കേടു തൻെറമേൽ തോന്നുവാനിടവരാ
തെ എല്ലാത്തിലും ഈ ദൈവപൈതലിനു ഇഷ്ടമാകും
വണ്ണം തന്നോടുകൂടെ വ്യാപരിച്ചുവരികയും ചെയ്കയു
മെന്നിയെ തായുടെ വളർത്തുമകൻ എന്നുള്ള മഹിമയു

ള്ള അടിമക്കടുത്തവണ്ണം നടക്കാതെ എന്റെ ഏറിയ പാപങ്ങളാൽ ഈ അമ്മയെ ഞാൻ സങ്കടപ്പെടുത്തിയെങ്കിലും തന്റെ അടിമ ഞാനെന്നുള്ള വിശേഷ ജ്ഞാപകത്താൽ ഇതുവരെയും ഞാൻ നടന്നില്ലങ്കിലും അപ്രകാരംതന്നെ ഈ അമ്മ എന്നെ കാത്തു രക്ഷിച്ച് പിശാചിൻ കുലപല്ലകളിൽനിന്ന് എന്നെ പറിച്ചെടുത്തു കാത്തു വരുന്നു എന്ന് ഈ അനുഗ്രഹത്തിന്റെ അമ്മയെ ഇനിക്കു കാണ്മാനുള്ള ദിവസം സമീപിച്ചിരിക്കുന്നു എന്നും 9 മാസവും ഈ കന്നി ശ്രു. അമലോത്ഭവ അമ്മയുടെ നിമ്മല ഉദരത്തിൽ കുടിയിരുന്നു എന്ന എന്റെ രക്ഷക്കായി കഠിനമരണം കൈക്കൊണ്ട എന്ന ഈ കത്താവിനെ പാപിയായ അടിയന്റെ ഹൃദയത്തിൽ നാലൊൻപതു് മാസമല്ല പിന്നെയൊ വത്സരം എഴുന്നെള്ളിയിരുപ്പാൻ തിരുമനസായി എന്ന എന്റെ രക്ഷിതാവിൻ തിരുമുഖം കാൺമാനുള്ള ദിവസം അണഞ്ഞു എന്നും എന്റെ പരിഹാരമദ്ധ്യസ്ഥകളായ മറിയം എജി-കൊത്തോന എന്ന അമ്മമാർ അവരുടെ പ്രായശ്ചിത്തം കണ്ണുനീരുകൾ എപ്പോഴും എനിക്കായിട്ട ദിവ്യ തുലാസിൽ വെപ്പാനായി കാത്തിരിക്കുന്നയിവരുടെ ദയയുള്ള കൈകളെ കാണ്മാനും എന്റെ പാപപ്പൊറുതിക്കായി എപ്പഴും വിശേഷമായി നട്ടുച്ചനേരത്തിലും ഗാഗ്ഗുൽത്തായിൽ നാട്ടിയിരിക്കുന്ന കുരിശിൻ ചുവട്ടിൽ പിടിച്ചുകൊണ്ട നിൽക്കുന്ന ഈ അമ്മ മഗ്ദലനായോടുക്കൂടെ ഞാനും നിത്യവും ഈ കുരിശിൻ ചുവട്ടിൽ കെട്ടിപിടിച്ചിരിക്കയാൽ ഈ അമ്മ എനിക്കായി അണച്ചുവരുന്ന അപേക്ഷകളുടെ ഫലവും ഈ അമ്മയേയും എന്റെ കണ്ണുകൾ കാണ്മാൻ സമയമടുക്കുന്നു എന്നും ഈ കടശിയായി എല്ലാററിനും മുദ്രയായിട്ട എന്റെ പിതാവെ നിന്റെ പ്രിയ മകളായ ഞങ്ങളുടെ അമ്മ ത്രെസ്യാ തന്റെ എളയ മകനായിട്ട എന്നെ കൈക്കൊണ്ടിരിക്കയാൽ ഈ അമ്മയേയും തന്റെ മക്കളായ എന്റെ പ്രിയ ശ്രേഷ്ഠസഹോദര

സഹോദരികൾ ഈവണ്ണമുള്ള കൂടപ്പിറപ്പുകൾ എന്റെ
വരവിനെ പാൎത്തിരിക്കുന്നു എന്നതിനേയും ഇങ്ങനെ
എണ്ണമില്ലാത്ത കൂട്ടങ്ങളുടെ ഓൎമ്മ എത്രയും എന്നെ
സന്തോഷിപ്പിക്കുന്നു. എന്നാൽ ഇതിനെക്കായിലും അ
ധികമായി എന്നെ ഭയപ്പെടുത്തുന്നു എന്ന ഓൎമ്മയും
പലതാകുന്നല്ലൊ.

ആ ദയയുള്ള പിതാവെ! എന്റെ ഭയത്തേയും
ബലക്ഷയത്തേയും നീക്കുവാനായിട്ട എന്നെത്തന്നെ
ഞാൻ സന്തോഷിപ്പിച്ചു എഴുതിയെന്ന ഈ വാചക
ത്താൽ തന്നെ ഇതായിപ്പോൾ എന്നെ ചഞ്ചലിപ്പിച്ചു
ഭയപ്പെടുത്തുന്നു. ആ എന്റെ പിതാവെ ഇതു് നികള
ഭയത്താലുണ്ടാകുന്ന വീൺ അൎച്ചം തന്നെ എന്നും
ഞാനറിയുന്നു. അതെന്ത്യ മരണം എന്നുള്ളയീ അക്ഷ
രം തന്നെ ഏവരേയും ഭയപ്പെടുത്തുന്നു എന്നുവരു
മ്പോൾ ഓരോരുത്തരെ ഭയപ്പെടുത്തുന്ന എന്ന മുഖാ
ന്തിരങ്ങളിൽ മിക്കതും എന്നെ ഭയപ്പെടുത്തുകയും
ചെയ്യു ഇതായ്യു ദീനനൊമ്പരങ്ങളുടെ കടശി മൂന്നക്ഷ
രത്തിൽ അടങ്ങിയിരിക്കുന്നു. എന്നാൽ സംകടങ്ങളും
നൊമ്പരങ്ങളും ക്ഷമിപ്പാൻ എത്രയും വശഹീനൻ
അടിയൻ എന്നും എന്റെ പിതാവെ! നീ ബോധിച്ചി
രിക്കുന്നു. ഒരു ചെറിയ പനി ഒരു തലനോവു, വയറു
നോവു മുതലായ അല്പമായ ദീനങ്ങളും നൊമ്പര
ങ്ങളും സഹിപ്പാനും മുള്ളുകൊള്ളുന്ന ദണ്ഡംകൂടെയും
മുഖം ചുളിക്കാതെയും സ്വരം പുറപ്പെടുത്താതെയും ക്ഷ
മയോടെ സഹിപ്പാൻ അടിയനു വശമില്ലല്ലൊ. എ
ന്നാൽ വൎഗ്ഗത്തിന്നടുത്ത ധൈൎയ്യത്താൽ ചില ലോക
യിഷ്ടന്മാരും വാശിക്കാരും അവരുടെ മാംസം പറിച്ചാ
ലും മുഖപകൎച്ചകൂടാതെ ക്ഷമിക്കുന്നു. എന്നാൽ ഈ
വണ്ണമുള്ള ധൈൎയ്യങ്ങളിൽ എത്രയും കുറയപ്പെട്ടവനാ
യിരിക്കയാൽ ആ നേരത്തിലുണ്ടാകുന്ന സംകടങ്ങളിൽ
ക്ഷമകേടുകാട്ടുമെന്നും ഭയപ്പെടുന്നു. അപ്രകാരംതന്നെ
ഈ ലോകത്തെ വിട്ടുപിരിയുന്നതിൽ ഇപ്പോൾ സംക

ടം തോന്നുന്നില്ലെങ്കിലും പ്രവൎത്തിക്കട്ടുകുമ്പോൾ ശേഷംപേരെ വിട്ടുപിരിവാറായി എന്ന് കാണുമ്പോൾ ഇതിനാലെയും ഞാൻ കലങ്ങപ്പെട്ടുമെന്ന് ഭയപ്പെട്ടുന്നു. ഇതുമെന്നിയെ എന്റെ ആത്മശത്രുക്കളായ പിശാചുക്കൾ എന്നോക്കുമ്പോൾ തന്നെ ഞാൻ ഭയപ്പെട്ടുന്നു എന്നു വരുമ്പോൾ ആ നേരത്തിൽ അവരുടെ മുഴുവൻ ശക്തിയോടുകൂടെ എന്നോടു യുദ്ധം ചെയ്യാൻ തയ്യാറായിരിക്കുന്ന ഈ ദുഷ്ടാരൂപികൾ അവരുടെ ക്രൂൎമ്മയുള്ള ഉപദേശങ്ങളാൽ എന്നെ ഭയപ്പെടുത്തിയും കലക്കിയും വിശേഷമായി ശരണക്കേടു വരുത്തുവാൻ തക്കവണ്ണം എന്റെ ബാല്യകാലത്തിന്റെ ജീവിതത്തിനേയും പാപങ്ങളേയും ജ്ഞാപകപ്പെടുത്തിക്കൊണ്ടു ഭയപ്പെടുത്തുവാനിരിക്കുന്നു എന്ന ഈ വലിയ ഭയവും. ഇതിൽ എല്ലായിലും വലുതായിട്ടുള്ള പട്ടാങ്ങയുള്ള ഭയമായിരിക്കുന്ന സൎവ്വേശ്വരൻ തമ്പുരാന്റെ എത്രയും നുണനുണക്കമുള്ള നീതിയാൽ വിധിപ്പാനിരിക്കുന്ന നീതി ആസനത്തിൻ സന്നിധിയേയും പാപത്തിനുള്ള ഭയങ്കര കഷ്ടത്തേയും ആസ്തിമ്മേൽ സൎവ്വേശ്വരനുള്ള വെറുപ്പും മുഴുവനായി ഞാൻ കാണുമ്പോൾ അയ്യയ്യോ! ദയയുള്ള പിതാവെ! നിന്റെ വിശേഷാനുഗ്രഹത്താൽ നീ എന്റെ കണ്ണിനു പ്രത്യക്ഷമായിനിന്നുകൊണ്ടു എന്നെ ധൈൎയ്യപ്പെടുത്തി തുണച്ചില്ലെങ്കിൽ ആ ദുഷ്ടശത്രുക്കൾ എന്നെ വിഴുങ്ങുവാൻ നരകത്തിന്നടുത്ത വാ പിളൎക്കയും ചെയ്യും.

ആ എന്റെ അനുഗ്രഹമുള്ള പിതാവെ! ഇപ്പോൾതന്നെ പാപകഷ്ടവും ദൈവനീതിയും ശാസ്ത്രമുറയാൽ തന്നെയും അറിയാത്തവനായ ഞാൻ എന്റെ കുറയപ്പെട്ട അറിവിനും ബോധത്തിനും തക്കവണ്ണം ഉറവു വിചാരിക്കുന്നു എങ്കിൽ ഞെട്ടുങ്ങി വിറയ്ക്കുമെങ്കിൽ ആയതിനുള്ള മറവു നീങ്ങി ഞാൻ കാണുമ്പോൾ അയ്യോ എത്ര ഭയങ്കരമായി ഞാൻ ഭ്രമിക്കും. ഈ ഭ്രമത്താൽ നീതന്നെ എന്നെ ദൈവാനുഗ്രഹത്തിന്മേൽ

ശരണപ്പെടുത്തിയില്ലെങ്കിൽ ആ ശരണം എന്റെ
ഉള്ളിൽ കടപ്പാൻ ശക്തിപ്പെടുകയില്ല നിശ്ചയം. ഞ
ങ്ങളുടെ പിതാവു പത്രോസ ശ്ലീഹാ ചൊല്ലുന്ന ഈ
തിരുവാക്യം പുണ്യവാൻ ഒരുപ്രകാരം ജീവിക്കുന്നെ
ങ്കിൽ ദുഷ്ടനും പാപിയും എവിടെ കണ്ടെത്തപ്പെടും
എന്നും ശുദ്ധമുള്ളവനാകുന്നു എന്നതിനാൽ ഇനിക്കണ
യുന്നവനും ശുദ്ധമുള്ളവനാകണമെന്നും അശുദ്ധമുള്ള
വരിൽ യാതൊരുത്തനും എന്റെ തിരുമുൻപിൽ അ
ണഞ്ഞുകൂടാ എന്നും ഇങ്ങനെ പഴയതും പുതിയതു
മായ തിരുപുസ്തകങ്ങൾ നിറച്ച് ഈ തന്റെ ശുദ്ധ
തയിന്മേൽ വിളിച്ചറിയിക്കുന്ന ദൈവത്തിന്റെ തൃ
ക്കൈകളിൽ വീഴുന്നതു വലിയ ഭയമാകുന്നു എന്നും മാ
ർഗ്ഗമില്ലാത്ത പുറജാതിക്കാരെ അവരുടെ ഹൃദയത്തിൽ
നീതിപ്രകാരം വ്യാപരിക്കായ്കയാൽ നീതിയോടുകൂടെ
എന്നന്നേയ്ക്കുമുള്ള തീക്ക വിധിച്ച് ശിക്ഷിക്കുന്നെങ്കിൽ
നമ്മുടെ കർത്താവിന്റെ തിരുവായാൽത്തന്നെ അറി
വിക്കയും കേൾക്കയും കാൺകയും ചെയ്കവരാൽ പ്രത്യ
ക്ഷങ്ങളാൽ സാക്ഷിപ്പെടുത്തിക്കൊണ്ടു അറിവിച്ചതിനെ
കേട്ടു വിശ്വസിച്ചു എന്നവൻ അതിൻവണ്ണം നടന്നില്ല
ങ്കിൽ എന്തു ശിക്ഷയിൽ ഉൾപ്പെട്ടുപോകും. അയ്യയ്യോ
മുട്ടാടും കാളമൂരികളും അറത്തു പൂജിക്കുന്നു എന്ന പൂ
ജയിടത്തിനും മദബഹായ്ക്കും അല്പമായ അനാചാര
ത്താൽ അണഞ്ഞു എന്ന മേൽപട്ടക്കാരന്റെ കടിഞ്ഞൂൽ
പുത്രന്മാരിൽകൂടെയും അനുഗ്രഹിക്കാതെ ആ ക്ഷണ
ത്തിൽതന്നെ ശിക്ഷിക്കയും തന്റെ തിരുപ്രമാണങ്ങൾ
എഴുതിയ പലക വെച്ചുപൂട്ടിയിരുന്നു എന്ന പെട്ടകം
ഇരിക്കുന്ന ക്ദോശക്ക്ദശ എന്ന സ്ഥലത്തിൽ പ്രവേ
ശിപ്പാനുള്ള തിരശീലയുടെയുള്ളിൽ കടപ്പാൻ ഭാവി
ച്ചു എന്ന മഹാ സേനാപതിയെ ആകാശത്തിൽനിന്നു്
തന്റെ ദൂതന്മാരെ യാത്രയാക്കിയ ഉടൻ ശിക്ഷിക്കുക
യും ഈവണ്ണം ആ സാദൃശ്യത്തിനടുത്ത ദേവാലയ
വും പൂജയും നീ മഹിമപ്പെടുത്തി ആയ്കിൽ അല്പമാ

യ ആചാരം നീ ക്ഷമിക്കുന്നില്ലെന്നും കാണിച്ചിരിക്കയിൽ അയ്യയ്യൊ തന്റെ സ്വരം ആകാശത്തെയും ഭൂമിയേയും ഇളക്കുന്നു എന്ന സൎവ്വേശ്വരന്റെ ഏകപുത്രനായ സത്യദൈവവും സത്യമാനുഷനുമൊന്നായിരിക്കുന്ന എന്റെ രക്ഷയുടെവനായിരിക്കുന്ന സൎവ്വേശ്വരൻ പട്ടാങ്ങയായി തന്റെ മുഴമഹിമകളെ മറച്ചുകൊണ്ടു് രാപകൽ ഇടവിടാതെ ഈ ഞങ്ങളുടെ പാവപ്പെട്ട ത്രൊണോസിൽ ഈ അല്പ സാധനമായ ഓസ്തിയപ്പത്തിൽ തന്റെ ദൈവമഹിമകളെ എളിമപ്പെടുത്തിക്കൊണ്ടു് എഴുന്നെള്ളി ഈ സക്രാരിയിൽ പട്ടാങ്ങയായിരിക്കുന്നുവെന്നു സംശയമില്ലാതെ ഞാൻ ബോധിച്ചു വിശ്വസിച്ചിരുന്നാറെയും, അയ്യൊ പാപിയായ അടിയൻ എത്രയൊ ഊഴങ്ങൾ ഈ മഹിമ നിറഞ്ഞ കൊട്ടത്തീഞ്ഞിന്റെ ഉള്ളിൽ ഒരു വിചാരവും ഭയവും കൂടാതെ കടന്നു. അയ്യോ ഈ എന്റെ അകൃത്തിന്നു തക്കവണ്ണം ഇതുവരെയും എന്നെ ശിക്ഷിച്ചില്ല എന്നു തന്നെയുമല്ല ഒരു ഭയസ്വരം കേൾപ്പിച്ചില്ലല്ലൊ അയ്യയ്യൊ ദൈവമെ! അവൻ ദൈവമഹിമയും ശുദ്ധതയും അറിഞ്ഞിട്ടില്ലാ അറിഞ്ഞിരുന്നാലും ഈ സാധനത്തിന്നടുത്ത വസ്തു അല്ലാതെ ആ ക്ദോശക്കദശായിൽ മറ്റൊന്നുമില്ലല്ലൊ. ആ കൎത്താവെ ഇവിടെ നീ പട്ടാങ്ങെയായിട്ടു ആകാശത്തിൽ ബാവായുടെ വലതുഭാഗത്തിൽ എന്നപോലെ നീതന്നെ എഴുന്നെള്ളിയിരിക്കുന്നുവെന്നു് നിന്റെ അമ്മ ശു. പള്ളി ഊനമില്ലാത്ത വിശ്വാസ സത്യമായി എന്നെ പഠിപ്പിക്കയും ആയ്തിൻവണ്ണം പ്രവൃത്തി എന്നിലില്ലെങ്കിലും സംശയമില്ലാതെ ഞാനും വിശ്വസിച്ചിരിക്കയാൽ ഭയംകൂടാതെ ഈ കൊട്ടത്തീഞ്ഞിന്റെ ഉള്ളിൽ ഞാൻ കടന്നാറെയും അയ്യോ എത്ര ഊഴങ്ങൾ എന്നെ നീ ശിക്ഷിക്കാതെ എന്നോടു ക്ഷമിച്ചു. ആ ഇതുതന്നെയൊ, ഇതുമല്ലാതെയും എന്റെ രക്ഷയ്ക്കും ഇനിക്കു മനോഗുണം ചെയ്യാനും എന്നോടു പൊറുപ്പാനും എന്റെ അ

പേക്ഷകളെ കേൾപ്പാനും ആവശ്യങ്ങളെ തീൎപ്പാനും ഇനിക്കു എന്തെല്ലാം നന്മകൾ വേണ്ടിയിരുന്നാൽ ആയതൊക്കയും ധാരാളമായിട്ടു തന്നുകൊള്ളാമെന്നു് അറിവിച്ചുംകൊണ്ടു് തന്റെ പക്കൽ ഏതുനേരമെങ്കിലും ചെന്നു് ഉണൎത്തിച്ചാൽ എപ്പഴം കേട്ടുകൊള്ളാമെന്നും കല്പിച്ചുകൊണ്ടും എന്റെ സമീപമായ ഈ ദേവാലയത്തിൻ ത്രോണൊസിൻകൽ എഴുന്നെള്ളികൊണ്ടു് എന്നെ വിളിച്ചുവരുന്ന എന്ന എന്റെ തമ്പുരാന്റെ തിരുമുമ്പിൽ ചെന്നുകൊണ്ടു ഇനിക്കുവേണ്ടിഇതിനെ ചോദിപ്പാനും മനസ്സുകൂടാതെ വീൺവിചാരത്തിനാൽ ചുററിനടന്നു എന്റെ ആയുസിന്റെ ദിവസങ്ങൾ വഴുതെ കളഞ്ഞതിനേയും ഈ ലോകത്തിന്റെ രാജാക്കൾ പ്രഭുക്കന്മാരെ കാണ്മാനുള്ളതിനും അവരുടെ മുൻപിൽ അടുപ്പാനും എത്രയൊ വിഷമമായിരിക്കുന്നു. എന്നാലും അപ്രകാരമുള്ള കാഴ്ചകൾക്കു ഞാൻ ആഗ്രഹിച്ചു. ഇതിനാലുള്ള ഫലം എന്തു എന്നതിനേയും വിചാരിക്കാതെ ആയുസ്സിനായിട്ടും ഈ ആയുസിന്റെ നാഴികയെ ഞാൻ ഛേദപ്പെടുത്തി. എന്നാൽ വെളിവുള്ളപ്പോൾ ഒളിവിയിൽ നടന്നുകൊള്ളുവാൻ വേല ചെയ്യാൻ വശമില്ലാത്ത രാവു വരുന്നു എന്നും തന്റെ തിരുവായാൽ അരുളിച്ചെയ്തതിനെ ഓൎത്തിരിക്കയാൽ ഈ മനഗ്ഗുണത്തിൻ സിംഹാസനത്തിൻ പക്കൽ അണഞ്ഞു മനഗ്ഗുണമപേക്ഷിച്ചു കൈക്കൊള്ളാഞ്ഞാൽ താൻതന്നെ നീതിയുടെ സിംഹാസനത്തിൽ കരേറിയാൽ വീണ്ടു മനഗ്ഗുണത്തിനു നേരമില്ല പിന്നെയൊ അവിടെ എത്രയും നീതി തന്നെ എന്നതു ഭേദമില്ലാത്ത സത്യമായിരിക്കുന്നു. ഇതിനാൽ എത്രയും വലിയ ശുദ്ധമാകപ്പെട്ടവരുംകൂടെയും ആ നേരത്തെ ഓൎത്തു ഭ്രമിക്കുന്നുവല്ലൊ. മാമ്മോദീസായിൽ കിട്ടിയ ഇഷ്ടപ്രസാദം ഛേദപ്പെടുത്താതെ ജീവിച്ചു ശുദ്ധമാകപ്പെട്ടവരും അവരുടെ ആയുസ്സു മുഴുവനും വനവാസങ്ങളിലും കഠിന തപസുകളാലും കാലം കഴിച്ചു എന്ന

പുണ്യവാന്മാരും ബ്രഹ്മചാരിത്വത്തിലും മഹാ പുണ്യ ങ്ങളാലും വിളങ്ങി ശോഭിച്ച കന്യാസ്ത്രികളും ഇങ്ങ നെയുള്ള ഏറിയ മഹാത്മാക്കൾ കൂടെയും ഈ നീതി സിംഹാസനത്തിൽ സൃഷ്ടിക്കുന്നോൻ വിധിക്കാൻ ഇരി ക്കുമ്പോൾ തന്റെ തിരുമുമ്പിൽ ചൊല്ലുന്നത എത്ര ഭാഗ്യത്തിന്നടുത്തതാകുന്നു എന്നും പറഞ്ഞു ഞെട്ടി വിറച്ചുവന്നു എന്നും അയ്യൊ ഇതിനെ ഓൎക്കുന്നതുതന്നെ എന്നെ ഭയപ്പെടുത്തുന്നു എങ്കിൽ എന്റെ പ്രിയമുള്ള പിതാവെ ആ സമയം എനിക്കെന്തൊരു ഭയത്തി ന്റെ സമയമായിരിക്കും. ഏന്നാൽ ഈവണ്ണം നിരൂപി പ്പാനും സങ്കല്പിപ്പാനും വഹിയാത്ത ഭയംനിറഞ്ഞ നേരമെന്നും ഭയങ്കരപ്പെട്ട വിധിക്കു കാരണമായിരി ക്കുന്ന പാപങ്ങൾ എണ്ണമില്ലാതെ ഞാൻ ചെയ്തുപോ യി എന്ന ഈ ഭയംനിറഞ്ഞ നേരമായ മരണം വിധി എന്നതും ഈ ന്യായാസനത്തിൻ സന്നിധിയിൽ നി ല്ക്കണമെന്നും ഇതൊക്കെയും ഉറപ്പുള്ള സംഗതികൾ തന്നെ ആയിരിക്കയിൽ എന്റെ ദയയുള്ള പിതാവെ എന്റെ ഭയങ്ങളൊക്കയും കുറയ്ക്കുന്നതിനു് എന്റെ പി താവും മദ്ധ്യസ്ഥനുമായിരിക്കുന്ന നിന്നെയുള്ള ഓൎമ്മ എന്ന ഏക വഴിമാത്രം എന്നെ ഉറപ്പിക്കുന്നു. അതെങ്ങ നെയെന്നാൽ എന്നെ വിധിപ്പാൻ വരുന്ന എന്ന നീ തിക്കാരൻ ഈലോകത്തിലും ഇപ്പോൾ പിതാവിനടുത്ത ബഹുമാന വന്ദന സ്നേഹത്തോടെ നിന്നെ ഉയൎത്തി കൈക്കൊണ്ടിരിക്കുന്ന പാപികളുടെ സങ്കേതം എന്ന ത്രിലോകരാജ്ഞി നിന്റെ ഏത്രയും പ്രിയമുള്ള പത്നി എന്നും ഈലോകത്തിൽ അവൾക്കു നീ ചെയ്ത ശുശ്രൂ ഷയും സഹായത്തിന്നും ഏതു പ്രകാരത്തിലും നിന്നെ തെളിവിക്കണമെന്നും സന്തോഷിപ്പിക്കണമെന്നും എത്ര യും വലിയ താല്പൎയ്യമായിരിക്കയാൽ ഈ അമ്മയോടും തന്റെ സ്നേഹപുത്രനായ ഈ നീതിക്കാരനോടും ഒരു വചനം ബോധിപ്പിക്കുന്നു എങ്കിൽ തന്റെ ശത്രുക്കളും ഭയപ്പെടുത്തുന്നവരുമായവരൊക്കയും എന്നെ ഭയപ്പെ

ടുത്തുകയും ചെയ്യും. ആയതിനാൽ പ്രിയമുള്ള പിതാവെ, ഈ വളയാത്ത നീതിക്കാരനായ താൻ നീതിയാസനത്തിൽ എന്നെ വിധിപ്പാനായി കരേറുന്നതിനു മുൻപെ നിന്റെ അടിയാനും ശുശ്രൂഷിയുമായി എന്നെ കൈക്കൊണ്ടിരിക്കുന്നു എന്ന ഈ തിരുവചനങ്ങൾ മാത്രം ഈ കർത്താവിനോടു നീ അരുളിച്ചെയ്യേണമെ. അതെന്തെന്ത്യ വിധിപ്പാൻ കർത്താവു എഴുന്നെള്ളുമ്പോൾ എന്തു ഞാൻ ചെയ്യേണ്ടു എന്നും മഹാ പുണ്യവാനായ യോബു മുനി ഭയപ്പെട്ടു ചൊല്ലുന്നു. അയ്യയ്യൊ ഇദ്ദേഹം എത്രയും നെറിവാളനും തന്റെ ബുദ്ധി അറിവോടുകൂടെ യാതൊരു കുററവും താൻ ചെയ്തിട്ടില്ല എങ്കിലും തന്റെ മക്കളുടെ സന്തോഷത്തിലും തെളിവിലും അവരിൽ വാച്ച കുററം ഉണ്ടായേക്കും എന്നുള്ള നിരൂപണയാൽ ആയ്യ് ഉണ്ടായി എങ്കിൽ ദൈവം പൊറുപ്പാനും ദിവസവും താൻ പൂജകാഴ്ചകളണച്ചിരുന്നു. ഇങ്ങനെയുള്ള ദേഹം കർത്താവു എഴുന്നെള്ളുമ്പോൾ എന്തുചെയ്യും എന്ന് ചൊല്ലിക്കൊണ്ടു ഭയപ്പെട്ടുവെങ്കിൽ ദയയുള്ള പിതാവെ ഞാൻ വിചാരിക്കാതെയും ഓൎക്കാതെയും ഇരിക്കുമ്പോൾകൂടെയും എന്റെ ഹൃദയം കൺമുമ്പാകെ എപ്പഴും പടപുരുഷാരംപോലെ കൂടിക്കൊണ്ടു എന്നെ ഭയപ്പെടുത്തുന്നു എന്ന എണ്ണമില്ലാത്ത എന്റെ പാപങ്ങളുടെ കണക്കുകളെ ചോദിപ്പാൻ താൻ എഴുന്നേററാൽ പിന്നെ യാതൊരു മദ്ധ്യസ്ഥവും ആ നേരത്തു ഫലിക്കയില്ലെന്നും ഈ കർത്താവു് തന്നെ മുൻ അറിയിച്ചിരിക്കുന്നുവല്ലൊ. ഇതായ്യ ആ ദിവസത്തിൽ ആദിത്യൻ ഇരുളും. അയ്യോ ഇതെത്ര ഭയങ്കരമുള്ള കാൎയ്യമാകുന്നു. ഇതാ പുണ്യത്തിൻ ജ്യോതിസായ ഈ രക്ഷനാഥൻ ഈ നേരത്തിൽ എത്രയും അനുഗ്രഹമുള്ള പിതാവും മനശ്ശുണക്കാരനുമായിട്ടു തക്കിക്കാതെയും കൂപ്പിടാതെയും തെരുവിൽ തന്റെ സ്വരം കേൾപ്പിക്കാതെയും മങ്ങുന്ന വിളക്കിനെ കെടുത്താതെയും ചതഞ്ഞ കോലിനെ

തകൎക്കാതെയും എത്രയും വലിയ ക്ഷമയോടുകൂടെ മന
ഗ്ഗുണമെന്ന വെളിവിനെ കാണിച്ചുകൊണ്ടിരുന്നു. അ
നിഷ്ടിച്ചിരിക്കുന്നവരും പാപം ചുമക്കുന്നവരും എന്റെ
പക്കൽ വരുവിൻ ഞാൻ നിങ്ങളെ അനുകൂലപ്പെടു
ത്താം എന്നു് താൻ വിളിക്കുന്ന ഈ വിളിക്കു ഒരു വാ
തനിക്കു പോരാഞ്ഞിട്ടു 50-ൽ ചില്വാനം വാകളെ
ഉണ്ടാക്കിക്കൊണ്ടു താൻ വിളിക്കയും ഈ വിളികേട്ടു
പാപികൾ തന്റെ പക്കൽ ചെന്നാൽ അവരുടെ കു
റ്റത്തിൻ കാഠിന്യത്താൽ അവരെ കൈക്കൊള്ളുമൊ
എന്നുള്ള സംശയം തോന്നായ്വാനായിട്ടു ചെന്നുടൻ അ
വരെ കൈക്കൊൾവാനായി എപ്പോഴും ഇരു കൈക
ളും വിടൎത്തി തഴുകാൻ ആസ്തമായിട്ടിരിക്കയും അവരു
ടെ കുറ്റം കാരണത്താൽ ഇനി അവരെ സ്നേഹിക്കു
മൊ എന്നും സംശയിക്കായ്വാൻ അവരെ പ്രിയത്താൽ
മുത്തുവാനായി എപ്പോഴും തന്റെ തിരുമുഖം ചായിച്ചി
രിക്കുന്നു. ആ ഇങ്ങനെയുള്ള സ്നേഹം ഞാൻ കണ്ടാ
റെയും എന്റെ മുഖം തിരിപ്പിച്ചു കളഞ്ഞു് അങ്ങോട്ടു
നോക്കാതെയും ഈ വിളികേട്ടു് തന്റെ പക്കൽ അണ
യാതെയും എത്രയോ ഊഴങ്ങൾ ഞാൻ തുടങ്ങിയ വ
ഴിയിലോട്ടുതന്നെ ഞാൻ നടന്നു. അയ്യൊ ഇങ്ങനെ
എന്റെ നാശത്തിന്നായിട്ടുള്ള വഴിക്കുതന്നെ ഞാൻ
നടക്കുന്നു എന്നുള്ള എന്റെ ഈ അധൎമ്മത്തിനെ ക
ണ്ടാറെയും താൻ എന്നെ ഉപേക്ഷിക്കാതെ എന്റെ
പുറകെ നടന്നുകൊണ്ട മകനെ! നീ പോകുന്ന വഴി
യിൽ നിന്നെ കൊല്ലുവാനായിട്ടു ശത്രു അസ്ത്രവും മൂൎച്ച
യിട്ടുംകൊണ്ടിരിക്കുന്നു എന്റെ സ്വരം കേൾക്കാ
തെ നീ ഈ വഴിക്കു പോയാൽ നിശ്ചയമായിട്ടും നീ
നശിക്കും എന്നീവണ്ണം എന്നോടു ചൊല്ലിക്കൊണ്ടു എ
ന്റെ പുറകിൽനിന്നു എപ്പോഴും ചൊല്ലിവന്നു. ഇതു
കൂടാതെ ഈ വഴിയിൽ നടന്നു എന്ന പലൎക്കും സംഭ
വിച്ചു എന്ന ഓരോരൊ കേടുകളും നാശങ്ങളും എ
ന്നോടു അറിയിച്ചതുമെന്നിയെ പലൎക്കും സംഭവിച്ച

ളും ഇനിക്കുതന്നെ വരുവാനിരുന്ന അസ്ത്രം ഞാൻ നി
ന്നതിനാൽ മററവൻെറ നെഞ്ചിൽ പതിഞ്ഞ വീണ
തും എൻെറ കണ്ണിൽതന്നെ കാട്ടി തരികയും ചെയ്തു.
ഈവണ്ണമുള്ള ദയയോടെ എത്ര ഊഴങ്ങൾ എൻെറ
പുറകെ നടന്ന് എന്നെ വിളിച്ചു. അയ്യോ ദുഷ്ടനായ
ഞാൻ പൊട്ടനും ചെകിടനുമായി ഞാൻ ഈ സ്വര
ങ്ങൾക്കൊക്കയും ചെവി അടച്ചുനടന്നു. ആ എന്നാറെ
യും എന്നെ ശിക്ഷിക്കാതെയും ഉപേക്ഷിക്കാതെയും എ
ന്നെക്കായിൽ അല്ല കുററംചെയ്ത പലരേയും ശിക്ഷി
ച്ചു എന്നെ ഭയപ്പെടുത്തി തൻെറ പ്രിയ മാതാവു പി
താവു ശ്രു. വാളരു മുതലായവരുടെ മദ്ധ്യസ്ഥങ്ങളാൽ
എൻെറ ശിക്ഷയെ തടുപ്പാൻ നീതിയുണ്ടാക്കി. അയ്യ
യ്യൊ ആകാശപ്രഭുക്കൾ വിറയ്ക്കുന്ന എന്ന നിൻെറ മദ
ബഹായിൽ ഈ അകൃത പുഴുവായ അടിയൻ അണ
വാൻ അനുവദിച്ചതെങ്ങനെ. അശുദ്ധമാകപ്പെട്ടവ
ൻെറ നാലര കരിന്തലവരെയും മദബഹായിൽ അണ
ഞ്ഞുകൂടെന്നും ഭയം ഉളവാക്കി പഴയകാലത്തിലുള്ള
മദബഹായുടെ ശുദ്ധതയിന്മേൽ കല്പിച്ചു എന്ന ദൈ
വമെ! ഇന്നു നീതന്നെ പട്ടാങ്ങയായി എഴുന്നെള്ളിയി
രിക്കുന്നു എന്ന് ഈ മദബഹായിൽ അയ്യൊ ഞാൻ
അടുക്കുന്നതെങ്ങിനെ. ലോകരാജാക്കന്മാരുടെ മഹിമ
എങ്ങനെ അസ്വേരസ്യ രാജാവിൻെറ പ്രിയ മണവാ
ട്ടിയായ എസ്റ്റർ രാജസ്ത്രീ അനുവാദമില്ലാതെ ഇയാളു
ടെ രാജസിംഹാസനത്തിൻ അരമനയിൽ കടന്ന്
രാജസിംഹാസന മഹിമ മുടി ചെങ്കോൽ ചൂടിയിരി
ക്കുന്ന രാജൻ സൂക്ഷിച്ചു നോക്കിയതിനെ കണ്ടയുടൻ
മരിച്ചവളെപ്പോലെ മോഹിച്ചു വീണുവല്ലൊ. തൻെറ
മണവാട്ടിയെ ഈവണ്ണം ഭയപ്പെടുത്തുവാൻ തക്ക മഹി
മയെ മാനുഷനു കൊടുത്തു എന്നതിൻെറ മഹിമയു
ടെ സിംഹാസനം എത്രയൊ. ഭയങ്കരമുള്ളതായിരിക്കും.
ഇങ്ങനെയുള്ള ഈ മഹിമപ്രതാപമായ മദബഹായിൽ
എത്രയും സത്യമായിട്ടുള്ള അയോഗ്യനായ അടിയൻ

കടന്നപ്പോൾ എന്നെ ശിക്ഷിക്കാഞ്ഞത മേലെഴുതിയ സത്യ തിരുവചനംതന്നെ ആയിരിക്കുന്നു.

അപ്പഴൊ ഇതിനാലെ ഈ നിൻെറ എത്രയും വലിയ അനുഗ്രഹത്തിൻെറ പൊറുതിയുടെ സ്നേഹത്തിൻെറയും കാലമിതായിരിക്കുന്ന എന്നറിവിപ്പാനായിട്ടു ശ്രു: ശ്ലീഹാ വിളിച്ചറിയിച്ചു. ഇതാ ഭയത്തിനു് നമുക്കിടയില്ലാതെ താൻ ചെയ്യിരിക്കുന്നു. ഇനി ഭയത്തിനു് അടിയാര നിങ്ങളായില്ല പിന്നയൊ മക്കൾ വീണ്ടും. ഇനി അടിയാരെന്നു് നിങ്ങളെ ഞാൻ വിളിക്കയില്ല പിന്നയൊ എൻെറ സ്നേഹിതന്മാരെന്നു്. ആ കൎത്താവെ! പട്ടാങ്ങ, പട്ടാങ്ങ, ആ കാലത്തിൽ കൽപലകയിരുന്ന പെട്ടകത്തിൻെറ മൂടുചീല മാററി ചാട്ടിൽവെച്ചിരുന്ന നേരം ഈ പെട്ടകം ചായുന്നതിനെകണ്ടു ഉറനീക്കിയിരിക്കുന്ന നേരം മേൽപട്ടക്കാരനല്ലാതെ കീഴപട്ടക്കാൎക്കു തൊട്ടുക്രൂടാ എന്നുള്ളതിനെ വിചാരിക്കാതെ ഒസാ എന്നയാൾ കൈനീട്ടിപിടിച്ചതിനാൽ അവിടെതന്നെ മരിച്ചുവീണുവല്ലൊ. ഈ നിൻെറ ദയയിൻകാലമായ ഈ അരുൾവേദത്തിൽ പ്രമാണപലകയല്ല പിന്നെയൊ പ്രമാണം കല്പിച്ചു കൊടുത്ത നീതന്നെ യാതൊരു ഉറയും മറവുംക്രൂടാതെ തൻെറ ദൈവത്തത്തോടും മാനുഷികത്തോടുംക്രൂടെ ഞങ്ങളുടെ മദബഹായിൽ താൻ എഴുന്നെള്ളിയിരിക്കുന്നു. ആരെല്ലാവരും ചെല്ലുന്നൊ എല്ലാവരെയും കൈക്കൊള്ളുന്നു. ആരു വിളിക്കുന്നോ അവനിൽ ചെല്ലുന്നു. എവിടെ കൊണ്ടുപോകുന്നമൊ അവിടെ താൻ പോരുന്നു. ഏതു നാവിൽ വെക്കണമൊ അവിടെ താൻ ഇരിക്കുന്നു. അശുദ്ധമ്മൊ ഏതു ഹൃദയത്തിൽ കുടിയിരുത്തുമൊ ആ ഹൃദയത്തിൽ പൂകുന്നു. അല്ലൊ മേൽപട്ടക്കാരുതന്നെയല്ലാ പിന്നയൊ പട്ടസുഖം എന്ന മുദ്രയാൽ പതിക്കപ്പെട്ടവനായിരിക്കുന്ന ഏതു നാവു കൊണ്ടു് ഈ തിരുവചനങ്ങളെ ഉച്ചരിക്കുന്നു എന്ന ആ ക്ഷണത്തിൽതന്നെ ആകാശത്തിൽനിന്നും ഇറങ്ങി

അയാളുടെ കൈയിൽ എഴുന്നെള്ളുന്നു, അയ്യയ്യൊ കൎത്താവെ! ഈ മഹാ പാപിയായ അടിയന്റെ അ ശുദ്ധ കൈകളിലും നാവിലും ഹൃദയത്തിലും കൂടെയും എത്രയോ ഊഴം നീ എഴുന്നെള്ളി എന്റെ മനഗു ണമുള്ള സൎവ്വേശ്വരാ! ഇനി യാതൊരുത്തനെ താൻ കൈക്കൊൾകയില്ലെന്നും സംശയിപ്പാൻ ഇടയില്ലാ തായല്ലൊ.

ആ മനോഗുണമൊ! മുണ്ടനായിരുന്നതിനാൽ കൂട്ടത്തിന്റെ തിക്കലിൽ നിന്നെ കാണ്മാൻ പാടില്ലാ ഞ്ഞാറെ ഇനി ആ വഴിയെ കൂടെയും താൻ എഴു ന്നെള്ളുവാൻ ഇടവരുന്നതല്ല എന്നതിനാൽ ദൂരത്തിൽ നിന്നെങ്കിലും തന്റെ തിരുമുഖം കാണ്മാൻ ഇടവന്നാൽ ഭാഗ്യമെന്നു ആശിച്ചുകൊണ്ടു ഒരു തെത്തമരത്തിൽ കയറി അവിടെ നിന്നെങ്കിലും തന്റെ മുഖം കാണ ണമെന്നും ആഗ്രഹിച്ചു എന്ന ചുങ്കക്കാരുടെ തലവ നായ സക്കെ എന്നവന്റെ സൽമനസിനെ താൻ കണ്ടാറെ അവനോടു സംസാരിക്കുന്നതുതന്നെ തന്റെ ബഹുമാനത്തിന്നു മതിയാകയില്ലന്നും ശേഷംപേരു നി രുപിച്ചാറെയും തന്റെ കരുണയെ കാണിപ്പാൻ തിരു മനസ്സായിക്കൊണ്ടു ആ കൂട്ടത്തിൽവെച്ച ആ മരത്തിൻ ചുവട്ടിൽ ചെന്നുകൊണ്ടു സക്കെ നീ ഇറങ്ങിവരി ക ഇന്നു നിന്റെ വീട്ടിൽ എഴുന്നെള്ളിവരുവാൻ മനസായിരിക്കുന്നു എന്നും താൻ അരുളിച്ചെയ്തു അ വനോടുകൂടെ താൻ പോകയും ചെയ്തു. ഈവണ്ണമുള്ള കരുണക്കടലായിരിക്കുന്ന ഈ ദൈവആസ്സക്കെയെ ക്കായിലും അധികം ഹീനനും പാപിയുമായിരിക്കുന്ന അടിയന്റെ ഹൃദയമായ വീട്ടിലും അതിൽ നിറഞ്ഞി രിക്കുന്ന പാപാശുദ്ധങ്ങളെയും ദുൎമ്മണങ്ങളേയും വി ചാരിക്കാതെ മനുഷ്യവൎഗ്ഗത്തിന്മേൽ താൻ വച്ചിരി ക്കുന്ന എന്ന കരുണാധിക്യവും തന്റെ ദയയുടെ പെരിപ്പവും കാണിച്ചുകൊണ്ടു ഇനി മനുഷ്യവൎഗ്ഗ ത്തിൽ യാതൊരുത്തനും ഭയത്താലും ശരണക്കേടാലും

തന്റെ പക്കൽ അണയുന്നതിനു് മടിതോന്നായ്വാനു
ള്ള ദൃഷ്ടാന്തം ലോകത്തിൽ കാണിപ്പാൻതന്നെ ഈ
കഷ്ടപുഴുവായ അടിയനിൽ എഴുന്നെള്ളുവാൻ തന്നെ
യല്ലാ പിന്നെയൊ ദിവസംപ്രതി ഈ അശുദ്ധ നാവു
കളാൽതന്നെ വിളിച്ചു് ആകാശങ്ങളിൽനിന്നിറങ്ങുവാ
നും പാവപ്പെട്ട അടിയന്റെ കരങ്ങൾകൊണ്ടുതന്നെ
തൊടുവാനും ദേവമാതാവും ശ്രു. പിതാവും എത്രയും
ഭക്തിയോടും ആചാരത്തോടും അവരുടെ കൈകളിൽ
ചുമന്നു എന്ന ഉണ്ണിപൈതലായ തന്നെ ഈ അശു
ദ്ധ കൈകൾകൊണ്ടുതന്നെ എടുക്കാനും പകുപ്പാനും
ഉയർത്തുവാനും സ്നേഹത്തോടെതന്നെ തിന്മാനും അനു
വദിച്ചതുമെന്നിയെ എവിടെയെല്ലാം തന്നെ എടുത്തു
കൊണ്ടു നടക്കണമൊ ആരുടെപക്കൽ തന്നെ കൊണ്ടു
പോകണമൊ ഏതു നേരത്തിൽതന്നെ കാണണമൊ
എത്രനേരം തന്റെ ചേരെ നിൽക്കണമൊ ഇതി
നൊക്കയ്ക്കും അനുവദിച്ചതുമെന്നിയെ അടിയന്നു് അ
നിഷ്ടവും മനമടിയും തോന്നി തന്റെ തിരുമുൻപിൽ
നിന്നു മാറുന്നതല്ലാതെ തനിക്കു് അസഹിതമായി ഈ
തിരുമുൻപിൽനിന്നു മാറുവാൻ തിരുമനസാകാതെ
എന്റെ ആശയാഗ്രഹങ്ങളൊക്കയും നിറവേറുവാനും
എന്തെല്ലാം അപേക്ഷിക്കണമൊ ആയ്തു ഒക്കയും മടി
കൂടാതെ അപേക്ഷിപ്പാനും അനുവദിച്ചുംകൊണ്ടു രാപ
കൽ പിരിയാതെ എന്റെ വാസസ്ഥലത്തിൽ ചേരെ
തന്നെ താനും എഴുന്നെള്ളിയിരിപ്പാനും തിരുമനസാ
യി. ഈവണ്ണമുള്ള സ്നേഹങ്ങളെയും അനുഗ്രഹങ്ങ
ളെയും കാണിക്കുന്നു എന്നതിനോടുകൂടെ ഈ ദയയുടെ
കാലം കഴിഞ്ഞാൽ നീതിയുടെ കാലം വരുന്നു എന്നും
ഒരുനേരത്തിൽ ഈ ദയയ്ക്കു തക്ക നീതിയായിരിക്കുമെ
ന്നുംകൂടെ കാണിക്കുന്നു. അപ്പഴൊ പ്രിയമുള്ള കർത്താ
വെ! ഇനിക്കായിട്ടുള്ള ഈ ദയയുടെ കാലം എത്രയും
ചുരുങ്ങി തീരാറായിരിക്കുന്നു എന്നും നീതിയുടെ കാല
ത്തിന്റെ രശ്മി വീശിത്തുടങ്ങിയിരിക്കുന്നു എന്നും

ഞാൻ കാണുന്നവല്ലൊ. ആയതിനാൽ എന്റെ പ്രിയമുള്ള പിതാവും മദ്ധ്യസ്ഥനുമായിരിക്കുന്ന പുണ്യപിതാവെ ഈ ചുരുങ്ങിയുള്ള നേരംകൊണ്ട എന്റെ കാൎയ്യങ്ങൾ ഒക്കയും തീൎത്ത തന്റെ നീതി ആസനത്തിന മുമ്പിൽ നിൎത്തപ്പെടുമ്പോൾ ഞാൻ കുററവാളിയായി തള്ളപ്പെട്ടുപോകാതിരിപ്പാൻ നീ തന്നെ ഭരമേററു അടിയനെ നിറുത്തി രക്ഷിച്ചില്ലെങ്കിൽ അയ്യൊ ഭയങ്കരമായ ആ നീതിയിൽ ഞാൻ എന്തുത്തരിക്കും, അതെന്തെന്നാൽ കുററങ്ങൾ ഒക്കയും ഞാൻ ചെയ്തുപോയി എന്നുള്ളതു സ്പഷ്ടമായി എന്നേരവും എന്റെ നിനവിൽ ധ്വനിക്കുന്നു. എന്നാൽ മനുഷ്യ്രഗ്രണകൎത്താവെ എന്നോട്ട പൊറുത്തെന്നും എന്നെ ശിക്ഷിച്ചുപേക്ഷിക്കയില്ലന്നും ഞാൻ ശരണത്താൽ ഉറക്കുന്നു എങ്കിലും പല പല ന്യായങ്ങളാൽ എന്നെ ഇളക്കി ഭയപ്പെടുത്തുന്നു. ആയതിനാൽ കരുണനിറഞ്ഞ പിതാവായ നീ എന്നെ ഉറപ്പിച്ചുനിറുത്തുമെങ്കിൽ ഞാൻ ഉറയ്ക്കപ്പെട്ടും അല്ലെങ്കിൽ ഈ ഇളകപ്പെട്ട അടിയന്റെ ശരണവും ഇളകി കലങ്ങി കെട്ടുപോകയും ചെയ്യും. ആയതിനാൽ മരണം വരുന്നതിനു മുമ്പെ എന്റെ കൎത്താവിന്റെ മുഴവനായ ഉപവിയും ഇഷ്ടപ്രസാദവും എന്നിൽ കുടിയിരിപ്പാനും പാപവും പാപത്തിൻ പരിഹാരക്കടവും എന്നിൽനിന്നു് ഒഴിയുന്നതതിനും ഈ ഭാഗ്യപ്പെട്ട ആയുഷ്ക്കവട്ടത്തിൽ നീതന്നെ എന്റെ കൎത്താവിൻപക്കൽ കൂട്ടിക്കൊണ്ടുപോയി തന്റെ തിരുവുള്ളക്കേട്ട മുഴവനും തീൎത്ത സന്തോഷമായി എന്നെ ഞാൻ കൈക്കൊണ്ട തന്റെ പക്കൽ എന്നെ നീ ഏല്പിച്ചു നിറുത്തുമെങ്കിൽ തെളിവോടെ ഞാനും തന്റെ മരണത്തോട്ടക്കൂടി മരിച്ചുയൎത്ത തന്റെ കരേററത്തോട്ടക്കൂടെ എന്നെയും തന്റെ രാജ്യത്തിലേക്ക കൊണ്ടുപോകയും ചെയ്യും. അപ്പഴൊ നീയിനിക്ക മദ്ധ്യസ്ഥനായി നീ ഇതൊക്കയും നിറവേററിത്തരിക.

ആ എന്റെ വിശേഷിക്കപ്പെട്ട തുണയായ അമ്മ

മറിയം മഗ്ദലനാ, മറിയം ക്ലെയോപ്പാ, മറിയ ശാലൊ എന്ന അമ്മമാരെ നിങ്ങളോടുകൂടെ യൊവാക്കീം മറിയം എന്ന ദേവമാതാവും ഒന്നിച്ചുകൊണ്ട് കത്താവും ശിഷ്യരും നടക്കുന്നയിടങ്ങളിൽ നിങ്ങളും നടന്നുകൊണ്ട് ശുശ്രൂഷചെയ്തുകൊണ്ടും കത്താവിൽനിന്ന് അകലാതെ നടന്നതിനാൽ തൻെറ മരണത്തിലും ഉയിപ്പിലുംതന്നെ കാണ്മാനും എന്നന്നേയ്ക്കും തന്നോടൊന്നിപ്പാനും ഭാഗ്യമായല്ലൊ. ആയ്തിനാൽ പ്രിയമുള്ള അമ്മമാരെ അടിയനുംകൂടെ നിങ്ങളുടെ മേശയിൽനിന്ന് വീഴുന്ന തീൻനുറുക്കുകളാൽ ജീവിച്ചുവരുന്ന കൽബായ്ക്ക് (നായ) എന്നപോലെ ഈ കത്താവിനോടും നിങ്ങളോടും ഒന്നിപ്പാനാഗ്രഹിച്ച് ഇതാ വരുന്നേൻ. ആ കത്താവെ നിൻെറ മുമ്പിൽ ഓശാനാ പാടുന്ന പാൽക്കുഞ്ഞുങ്ങളേയും പാവാടകളാലും വൃക്ഷശാഖകളാലും വഴി അലങ്കരിച്ചു മുന്നും പിന്നും എന്നുംകൂടി ദാവീദിൻ പുത്രനായി വരുന്ന രാജാവിനു പുകഴ്ച എന്നു കൊണ്ടാടുന്ന ജനങ്ങളോടുംകൂടെ കത്താവെ! അടിയനും കൂടെ കൂടിക്കൊണ്ട് നിനക്കു ഓശാന ചൊല്ലുന്നേൻ. ഈ ആരവാരം കണ്ടതിനോടെ പലരും തന്നെ ആരാധിച്ചു. എങ്കിലും ഈ കൂട്ടം പിരിഞ്ഞാറെ ആ നഗരിയുടെ ഉള്ളിൽതന്നെയും തൻെറ പ്രിയജനത്തെയും തക്കവിധത്തിൽ കൈക്കൊള്ളായ്കയാൽ കോട്ടയ്ക്കു പുറത്തിറങ്ങി ബേസ്നിയായിൽ എൻെറ അമ്മമാരായ മത്താ മറിയത്തിൻെറ വീട്ടിൽ പോയി വാസം ചെയ്തുവല്ലൊ. ആയ്തിനാൽ എൻെറ അമ്മ മഗ്ദലേനാമ്മേ! ഈ ദിവസത്തിലും ആഘോഷമായ പുണ്യനേരങ്ങളിൽ പലരും കത്താവിനെ ഓർമ്മയാൽ ഹൃദയത്തിൽ പാപ്പിക്കുന്നു. ആഘോഷമില്ലാത്തപ്പോൾ ഓമ്മിക്കുന്നില്ല എന്നതിനെക്കൊണ്ടു് അമ്മെ! ഈ കത്താവിനെയും മാതാവിനെയും മറ്റും നീ കൂട്ടിക്കൊണ്ട് വന്നു പാവപ്പെട്ട സക്കെ ആയ അടിയൻെറ ഹൃദയത്തിൽ പാപ്പിക്കേണമെ! അയ്യൊ അമ്മെ ഇവരെ കരേറ്റ

വാൻ ഇനിക്ക മഹാ ആഗ്രഹമെന്നും നീ കാണുന്ന
തിനോടുകൂടെ എന്റെ ഹൃദയത്തിൽ വന്നാൽ ഒരിരി
പ്പടം കൂടെയും അവരവക്ക തക്കവണ്ണം കൊടുപ്പാനും
അടിയനു വശമില്ലന്നും നീ അറിയുന്നുവല്ലൊ. എന്നാ
ലും എന്റെ അമ്മേ! നിന്നെ, കർത്താവിനുള്ള സ്നേ
ഹം എത്രയും വലുതായിരിക്കയാൽ നീ വിളിക്കുന്നതി
നെ കേൾക്കുമ്പോൾ എന്റെ കർത്താവു മഹാ തെ
ളിവോടെ വരികയും ചെയ്യും. എന്നാൽ ഇങ്ങനെ വ
രുന്നപ്പോൾതന്നെ തെളിയിക്കുന്നില്ലെങ്കിൽ നിനക്കു
മഹാ സങ്കടമുള്ളതാകുന്നു എന്നു് ഞാനും അറിയുന്നു.
എന്നതിനാൽ എന്റെ അമ്മെ! നീ ക്ലേശിക്കേണ്ട
അതെന്ത്യെ നിന്നെപ്പോലെ അമ്മെ! എന്നെ സ്നേഹിച്ച
എന്റെ ദാരിദ്ര്യത്തെ തീപ്പാൻ ഉത്സാഹിക്കുമെന്ന
മററ അമ്മമാരും ഉണ്ടു ഇതാ നിന്നെപ്പോലെതന്നെ
മറിയം എജീപ്തു് മറിയം കൊർത്തോനാ എന്ന ഈ
അമ്മമാരെയും ഏററിപ്പാൽ കർത്താവു സ്നേഹിക്കുന്ന
തിനാലും അടിയനേയും ഈ അമ്മമാര പ്രിയത്താൽ
സന്ധിച്ചുവരുന്നതാകയാലും ഇവരുടെയും ഹൃദയഇരി
പ്പിടങ്ങളിൽ സന്തോഷത്താൽ താൻ കുടിയിരുന്നുവന്ന
തിനാൽ ഈ അമ്മമാരും ഇതല്ലാതെയും എന്റെ അമ്മ
എന്നെ പെററവൾ. ഈശോയുടെ ത്രേസ്യാ എന്നീ മാ
താവിനിക്കുള്ളതിനാൽ ഈ സിംഹാസനത്തിൽ ഇരി
പ്പാൻ തനിക്ക മഹാ സന്തോഷമായിരുന്നതിനാൽ കാ
ലംവരുന്നതുവരെ താമസിപ്പാൻ പാക്കാതെയും പാതി
യെ ആകാശത്തിൽകൂടെയും കൊണ്ടുപോയല്ലൊ. ഇ
ങ്ങനെയുള്ള ഇരിപ്പടങ്ങൾ ഒക്കയും ഞാൻ അപേക്ഷി
ച്ചിരിക്കയാൽ ഈ ദിവസങ്ങളിൽ നീ അപേക്ഷിച്ച
കർത്താവിനെ എഴുന്നെള്ളിക്കുമ്പോൾ ഈ സിംഹാസ
നങ്ങൾ ഒക്കയും എന്റെ വീട്ടിൽ ഉണ്ടാകുമെന്നും
ഞാൻ ഉറച്ചിരിക്കുന്നു. എന്നതിനാൽ എന്റെ കർത്താ
വും തന്റെ മാതാവും ഈ ദിവസങ്ങളിൽ എന്റെ
പാവപ്പെട്ട വീട്ടിൽ പാക്കട്ടെ. എന്നാൽ താൻ എഴു

ന്നൊള്ളുമ്പോൾ നഗരിയെ താൻ കണ്ടു കരഞ്ഞതിൻവണ്ണം എന്റെ ഹൃദയമെന്ന വീടിനെ കരയായ്വാൻ നിങ്ങൾ എല്ലാവരുടെയും വീട്ടുകളിൽ ഉണ്ടായി എന്നു് ഛമയങ്ങളായാഭരണങ്ങൾ ഒക്കയുംകൊണ്ടു ഈ പാവപ്പെട്ട വീടിനെ അലംകരിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

ആ എന്റെ സ്നേഹത്തിൻ ദൈവമായ രക്ഷിതാവെ! നീ ഇനിക്കായി നിന്റെ സ്നേഹത്തിൻ കടശിസാക്ഷിയായി നിൻശരീരവും ചോരയും തീനും കുടിയുമായി കല്പിച്ചുതന്നതിനാൽ എപ്പഴും നിൻ തിരുപ്പാടുകളും എന്റെ രക്ഷക്കായി നിന്റെ ആയുസ്സും തന്നിരിക്കുന്നതിനെ എപ്പഴും ഓപ്പാനും ഓർമ്മയോടുകൂടെ കൂദാശപ്രകാരമായിട്ടും അരൂപിക്കടുത്ത പ്രകാരമായിട്ടും എന്റെ മരണംവരെ എന്നേരവും നിന്നിൽനിന്നു് പിരിയാതെ വിശ്വാസത്തിൻ കണ്ണാൽ എന്നേരവും നിന്നെ കണ്ടുകൊണ്ടു നിന്നോടൊന്നിച്ചിരിപ്പാനും ഈ വിലതീരാത്ത അച്ചാരവും പണയവും നിമിത്തമായി എന്റെ മരണത്തിൻശേഷവും എന്നേക്കുമായി പരലോകത്തിൽ മൂടൽകൂടാതെ മുഖ്യമായി നിന്നെ കണ്ടുകൊണ്ടും സ്തുതിച്ചും നിത്യകാലവും ഒന്നിച്ചിരിക്കാമെന്നുള്ള ഇളകാത്ത ശരണവും ഇനിക്കു തന്നിരിക്കുന്നതിനാലെയും ഇതിനാൽ ആയിടത്തിൽ നിന്റെ അളവില്ലാത്ത മഹിമപ്രതാപത്തിനു തക്കവണ്ണം എണ്ണമില്ലാത്ത മഹാ മുഖ്യസ്വരൂപികളും അവരുടെ ധ്വളകർത്തവ്യന്മാരായ മിഖായേൽ, ഗൗറിയേൽ, റപ്പായേൽ, ശെല്ലന്ത്യൻ, യൂറിയേൽ, നുറിയേൽ, ബറക്കായേൽ എന്ന ഈ ഏഴു സേനാപതികളോടുകൂടെ ഒന്നിച്ചു് ഒൻപതു വൃന്ദം മാലാഖമാരും ആദിമാതാപിതാവായ ആദം ഹാവാ മുതലായ ബാവാന്മാരും മേല്പട്ടക്കാരായ ശ്ലീഹന്മാര, സഹദേന്മാരു, മൗദിയായാന്മാര, അരണ്യസന്യാസികൾ, കന്യാസ്ത്രീകൾ മു. സകല സ്ത്രീപുരുഷന്മാരും അവരുടെ ബ്രഹ്മചാര്യശോഭയാൽ മാലാഖാമാർക്കു ശരി

യായി വിളങ്ങുന്ന കുഞ്ഞിപൈതങ്ങൾ ഇങ്ങനെയുള്ള
മനുഷ്യവർഗ്ഗങ്ങളെല്ലാംകൂടി ഈ വഗ്ഗത്തിൽ കടി
ഞ്ഞൂലായ രക്ഷിതാവിനോട്ടും തന്റെ പരി. ദേവമാ
താവിനോട്ടുംകൂടെ ഒന്നായിട്ടു അനാദിപിതാസുതൻ
പരിശുദ്ധാത്മാ എന്ന ശ്രു. ത്രീത്വൈക സര്വ്വേശനെ
സ്തുതിക്കയും തന്റെ മക്കളായ ഈ സകല സുമത്തെ
അസുമത്തെ എന്നയിവരുടെമേലുള്ള തന്റെ പിതാ
വിനടുത്ത ആശീർവ്വാദകടാക്ഷവും ഈ നശിച്ചുപോയ
മനുഷ്യവർഗ്ഗത്തെ തന്റെ മനുഷ്യവർഗ്ഗത്താൽ വീണ്ടു
രക്ഷിച്ച പിതാവിന്നു് കാഴ്ചവെക്കുന്നതിനാൽ തന്റെ
ഏകസുതന്നു താൻചെയ്യുന്നു എന്ന പിതാവിന്നടുത്ത
ബഹുമാനവും ഇതിനാൽ എന്റെ രക്ഷനാഥനെതന്നെ
സകല മോക്ഷവാസികൾ സ്തുതിക്കുന്ന സ്തുതികളും ഈ
പുഴുവായ ഞാനും കാണ്മാൻ ഇടവരുമെന്നു എപ്പഴും
ഓൎത്തു സന്തോഷിപ്പാനുമായി എന്നിൽ എഴുന്നെള്ളി
വരുവാൻ തിരുമനസായി എന്ന കൎത്താവെ! ഇതാ ഈ
എന്റെ ഹൃദയം തുറന്നിരിക്കുന്നു. നിനക്കേത്രയും ഇഷ്ട
മുള്ള ഇരിപ്പടമായ എന്റെ ദേവമാതാവിൻ തിരുമടി
യെ എന്റെ ഹൃദയത്തിൽ ഞാൻ വച്ചിരിക്കുന്നു. ഇ
തിൽ നീ എഴുന്നെള്ളിയിരിക്കണമെ! അമ്മയുടെ മടി
യിൽ ഇരിക്കുന്ന എന്ന കുഞ്ഞുമകൻ എത്രയൊ സ
ന്തോഷത്തോട്ടുകൂടെ അവിടെയിരുന്നുകൊണ്ടു തെളി
യുന്നു എന്നതിൻവണ്ണം എന്റെ രക്ഷിതാവെ! ഈ മാ
താവിൻ തിരുമടിയിൽ ഇരിക്കുന്ന എന്ന നേരത്തിൽ
ഈ അമ്മ പ്രിയത്തോട്ടുകൂടി എന്തു കല്പിക്കുന്നുവൊ
ഒക്കയും ആ കുഞ്ഞു ചെയ്യുന്നു. എന്നതിനാൽ ഈ നേ
രത്തിൽ ഈ അമ്മ അരുളിചെയ്യുന്നതിനെ നീ കേൾക്ക
ണമെ! ആ പ്രിയമുള്ള എന്റെ മകനെ; എന്നെ സൃ
ഷ്ടിച്ച എന്റെ ഉടയവനെ നിന്റെ അടിയാട്ടിയും
അമ്മയുമായ ഞാൻ ബോധിച്ചിരിക്കുംവണ്ണം ദുഃഖസാ
ഗരത്തിൽ മുഴുകി ഗാഗുൽത്താമലയിൽ നിന്റെ മര
ണക്കട്ടിലായ കുരിശുമരത്തിൻസമീപെ നിൽക്കുന്ന

പ്പോൾ നിൻതിരുമരണത്തിൻ സമയത്തിൽ ഈ നിന്റെ അമ്മയെ തൃക്കൺപാൎത്തുകൊണ്ടു് നിന്റെ പുത്രൻ ഇതാ എന്നും നീ അരുളിച്ചെയ്തുകൊണ്ടു ഈ പാവപ്പെട്ട കത്ത്യാക്കോസിനേയും നീയിനിക്കു മകനായിട്ടു ഏല്പിച്ചുതന്നുവല്ലൊ. ഇതാ എന്റെ പാദത്തിൻ പക്കൽ അണഞ്ഞുകൊണ്ടു അവന്റെ പാപങ്ങളിന്മേൽ മുഴുവൻ മനസ്താപപ്പെട്ടുകൊണ്ടു നീ അവന്റെ സകല പാപങ്ങളും പാപത്താലുള്ള ശിക്ഷകളും അവനോടു പൊറുത്തു മുഴുവൻ മാപ്പുചെയ്തു മാമ്മോദീസായിൽ കൊടുത്തിരുന്ന ഇഷ്ടപ്രസാദം കൊടുക്കുന്നതുമല്ലാതെയും ഈ ഇഷ്ടപ്രസാദം ഇനി മരണപൎയ്യന്തം പോയിപ്പോകാതിരിപ്പാനുള്ള ഉറപ്പും നിന്റെമേലുള്ള സ്നേഹത്തിൻ മേൽക്കുമേലുള്ള വൎദ്ധിപ്പും മരണപൎയ്യന്തം നിന്നെയുള്ള ഓൎമ്മയോടെ നടപ്പാനും മരണനേരത്തിൽ നിന്റെ വളൎത്തുപിതാവായ എന്റെ ഭൎത്താവിന്നു നീ കൊടുത്ത ഭാഗ്യമരണത്തെക്കുറിച്ച നീയും ഈ നമ്മുടെ ഭൎത്താവും ഞാനുംകൂടെ മരണനേരത്തിൽ അവനെ തുണച്ചു ശത്രുയോഗ്യം കൂടാതെ ആത്മാവിനെ എടുത്തു നമ്മോടുകൂടെ പരലോകത്തിൽ കൊണ്ടുപോകണമെന്നുള്ള ഈ അപേക്ഷകൾ ഒക്കയും നീ കൈക്കൊണ്ടു എന്നുള്ള അടയാളത്തിനായി നിന്റെ തൃക്കാലുകളെ അവന്നു നീട്ടിക്കൊടുക്കണമെ!

## ധ്യാനത്തുരംഭക്രമം

ശുദ്ധമാകപ്പെട്ട: + മുഴുവൻതേററം

സൎവ്വവല്ലഭമുള്ള തമ്പുരാനെ! ഞാനിപ്പോൾ ഇവിടെ നിന്റെ തിരുമുമ്പാകെ നിൽക്കുന്നുയെന്നു ഉറപ്പായിട്ടു വിശ്വസിക്കുന്നു. എന്നാൽ ഞാൻ പലപ്പഴും ഉപദ്രവിച്ച അററമില്ലാത്ത മഹിമപ്രതാപമുള്ള തമ്പുരാന്റെ മുമ്പാകെ വന്നു് നിൽക്കുന്നതിന്നു ഞാൻ യോഗ്യനാകുന്നതെങ്ങിനെ?

ആ കൎത്താവെ! നിൻെറ തൃക്കൺമുമ്പാകെ നില്ക്കുന്നതിനെക്കാൾ നരകപാതാളത്തിൽ അടക്കപ്പെടുവാൻ ഉള്ളതിന്ന ഞാൻ യോഗ്യനായിരിക്കുന്നു എങ്കിലും നിൻെറ അളവില്ലാത്ത പിതാവിനടുത്ത അനുഗ്രഹത്തിന്മേൽ ആശ്രയിച്ചു ശരണപ്പെട്ടു ഇവിടെ നില്ക്കുന്നേൻ. ചെയ്ത ദോഷങ്ങളെ ഓൎത്ത ലജ്ജപ്പെട്ടു തേറുന്നേൻ. പട്ടാങ്ങയായിട്ടു നിന്നെ ആരാധിച്ചു കുമ്പിടുന്നേൻ. ഇപ്പോൾ ഞാൻ ധ്യാനിപ്പാൻ പോകുന്ന കാൎയ്യങ്ങളുടെ താല്പൎയ്യം വേണ്ടുംവണ്ണം കണ്ടുപിടിക്കേണ്ടതിനും നിൻെറ സ്തുതിക്കും ബഹുമാനത്തിനും ഞങ്ങളുടെ ദാരിദ്ര്യപ്പെട്ട ആത്മത്തിൻെറ ഉപകാരത്തിനും വേണ്ടിയിരിക്കുന്ന ജ്ഞാനഫലങ്ങൾ അനുഭവിക്കുന്നതിനും കുരുടനായ എൻെറ ജ്ഞാനക്കണ്ണുകൾ തുറന്ന് തെളിക്കണമെന്നും ഞങ്ങളുടെ തണുക്കപ്പെട്ട ഹൃദയത്തെ ഉജ്ജ്വലിപ്പിക്കണമെന്നും നിന്നോടു ഞാൻ പ്രാൎത്ഥിക്കുന്നു. ആമ്മേൻ.

എത്രയും ശുദ്ധമാന കന്യാസ്ത്രീ മറിയമെ! തമ്പുരാൻെറ അമ്മെ! ദോഷത്താളരുടെ സങ്കേതയിടമാകുവാൻ നീ അരിശപ്പെടുന്നില്ല എന്നു വരുമ്പോൾ ഞങ്ങൾ അനേകം പാപങ്ങൾ ചെയ്ത ദോഷത്താളരാകുന്നു എന്നു വരികിലും ഇനിമേലിൽ നിൻെറ വിശ്വാസമുള്ള അടിയാരായി ജീവിപ്പാൻ ആഗ്രഹിക്കകൊണ്ടു ഞങ്ങളുടെ ഹൃദയത്തിൻെറ അഴിവൊക്കയോടുകൂടെ നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു. ഞങ്ങൾക്കുവേണ്ടി ചിന്തപ്പെട്ട നിൻെറ വാഴ്ത്തപ്പെട്ട പുത്രൻെറ മാണിക്യമായ ചോരയെപ്രതിയും നിൻെറ വ്യാകുലദുഃഖത്തെപ്രതിയും ഈ ദിവസത്തിൽ ഞങ്ങളെ നീ സഹായിക്കണമെന്നും വല്ലൊരു ദോഷത്തിലും വീഴുന്നതിനു മുമ്പെ ഭൂമിയിലെ ഞെരുക്കങ്ങളും സങ്കടങ്ങളും ഞങ്ങൾക്കുവേണ്ടി കടാക്ഷിക്കണമെന്നും നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. അയ്യൊ മനഗുണത്തിൻെറ അമ്മെ! ഇനി എങ്കിലും ഞായം വിധിക്കുന്ന നിൻെറ

പുത്രനെ അരിശപ്പെട്ടത്തൊട്ടാനും വിനാഴികനേരത്തെ മുഗത്തിന്നുടുത്ത അനുകൂലംകൊണ്ടും പ്രസാദംകൊണ്ടും എന്നന്നേയ്ക്കുമുള്ള ദുരിതങ്ങളെ ഞങ്ങൾ നേടായ്‌വാനും നീ സഹായിക്കണമെ!

## ശുദ്ധ ദേവമാതാവിനെക്കുറിച്ചുള്ള ജപം.

എന്റെ ഈശോയെ അനുഗ്രഹിക്കണമെ. എന്റെ ഈശോയെ നീ കോപിച്ചിരിക്കുന്നു. നിന്റെ കോപം ഞായമുള്ളതാകുന്നു. എന്നാൽ ഇപ്പോൾ ഞങ്ങളുടെ പാപങ്ങളെ നോക്കാതെ നിന്റെ പ്രിയപ്പെട്ട മാതാവായ കന്യാസ്ത്രീമത്മറിയത്തിനെ നോക്കണമെ. ഞങ്ങൾക്കുവേണ്ടി കണ്ണുനീർ ചിന്തിയ ആ തൃക്കണ്ണുകളെക്കുറിച്ചും ഞങ്ങളുടെമേലുള്ള ദയവുകൊണ്ട് നെടുവീർപ്പുകളെ വിട്ടു എന്ന ആ ചുണ്ടുകളെക്കുറിച്ചും ഞങ്ങളുടെമേലുള്ള പ്രിയത്താൽ ഒരു വാളാൽ പിളക്കപ്പെട്ടുവെന്ന് ആ എത്രയും മൃദുവായിട്ടുള്ള തിരുഹൃദയത്തെക്കുറിച്ചും ഞങ്ങളോട്ടു പൊറുക്കണമെ. നീ ഉണ്ണിയായിരുന്നപ്പോൾ കിടന്നതും മരിച്ചിരിക്കുമ്പോൾ നിന്നെ തഴുകിയതുമായ മറിയത്തിന്റെ തിരുഹൃദയം ഇതായിരിക്കുന്നു. നിന്റെ തിരുമേനിയിലും തിരുമുറിവുകളിലും ഏറിയ മുത്തലുകൾ മുത്തിയ തിരുചുണ്ടുകൾ തന്നെ അവയായിരിക്കുന്നു. ഉണ്ണിയായിരിക്കുമ്പോൾ തന്നെ നിന്നെ പ്രസാദിപ്പിച്ചതും രക്തംനിറഞ്ഞ തിരുമുറിവുകളെ കണ്ണുനീരാൽ തഴുകിയതുമായ തിരുക്കണ്ണുകൾ അവയായിരിക്കുന്നു. ആ എന്റെ ഈശോയെ! നിന്റെ പ്രിയപ്പെട്ട മാതാവായ മറിയത്തിന്റെ ആ തൃക്കണ്ണുകളെക്കുറിച്ചും ആ തിരുചുണ്ടുകളെക്കുറിച്ചും ആ തിരുഹൃദയത്തെക്കുറിച്ചും ഞങ്ങളുടെമേൽ കൃപയായിരിക്കണമെ! എന്റെ ഈശോയെ നിന്റെ കോപത്തെ അമത്തിക്കൊള്ളണമെ. മറിയത്തിന്റെ തിരുഹൃദയം ഞങ്ങൾക്കുവേണ്ടി വ്യസനപ്പെടുന്നു. ആ തിരുചുണ്ടുകൾ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കുന്നു.

അനുഗ്രഹത്തിന്റെ കണ്ണുകളായ ആ തിരുക്കണ്ണുകൾ നിന്റെ മേലും ഞങ്ങളുടെമേലും തിരിഞ്ഞ തൃക്കൺ പാക്കുന്ന നീ ഇതൊക്കയും കണ്ടിട്ട് അനുഗ്രഹിക്കാതെ കോപമായിരിക്കുമോ? ഞങ്ങൾ ചെയ്ത പാപം കഠിനമായ പാപം ആയിരിക്കകൊണ്ട് കൃപകിട്ടുവാൻ യോഗ്യമില്ല എങ്കിലും നിന്നോട്ട അപേക്ഷിക്കുന്നതാര. നിന്നോട്ട പറയുന്നതാര. നിന്നെ തൃക്കൺപാക്കുന്നതാര. അതായത നിന്റെ പ്രിയപ്പെട്ട മാതാവായ മറിയത്തിന്റെ തിരുഹൃദയം നിന്നോടപേക്ഷിക്കുന്നു. അവരുടെ തിരുചുണ്ടുകൾ നിന്നോട്ട പറയുന്നു. അവരുടെ തിരുക്കണ്ണുകൾ നിന്നെ തൃക്കൺപാക്കുന്നു. ആ എന്റെ ഈശോയെ ഇനി കോപമായിരിപ്പാൻ നിനക്കു വഹിയാ. ഇതിൻവണ്ണമുള്ള മാതാവു അപേക്ഷിക്കുന്നതെല്ലാം കൊടുക്കാതെ ഇരിപ്പാൻ പാടില്ല. ആയതുകൊണ്ട് എന്റെ ഈശോയെ ഞങ്ങൾക്കു മാതാവും സങ്കേതവുമായ പരിശുദ്ധ മറിയത്തിന്റെ തിരുമുഖത്തെക്കുറിച്ച് ഞങ്ങളുടെമേൽ അനുഗ്രഹിമായിരിക്കണമെ. ആമ്മേനീശൊ.

ഞങ്ങളുടെ കത്താവ ഈശോമിശിഹായെ നീ എവിടെ ആകുന്നു എന്നും എന്റെ ഹൃദയം ഒക്കയും നീ കാണുമെന്നും നിരുപിച്ച് ഇതാ നിന്റെ തിരുമുമ്പിൽ മുട്ടുകുത്തി നിൽക്കുന്ന അയോഗ്യമഹാപാപിയും വലിയ നന്ദികെട്ടവനും ഞാൻ ആയി. കത്താവെ നീ ഇനിക്കു ചെയ്തു എന്ന ഉപകാരങ്ങൾ ഒക്കയും ഞാൻ മറന്നു. അയ്യൊ എന്റെ പട്ടാങ്ങയായ പിതാവെ! ഇത്രനേരവും എന്നോട്ട ക്ഷമിച്ചതുപോലെ കുറഞ്ഞൊരു നേരംകൂടെ എന്നോട്ട നീ ക്ഷമിക്കണമെ. എന്റെ ദോഷത്തിന്നടുത്ത പ്രായശ്ചിത്തം എത്തിപ്പാൻ ഇനിക്കു നീ ഇടകൂട്ടണമെ. എന്റെ സർവ്വേശ്വരാ ഇന്നത്തെ ധ്യാനത്തിൽ നിന്നോട്ട പറഞ്ഞൊത്തതുപോലെ ഞാൻ ഇരുന്നില്ല. ആയതുകൊണ്ട് എന്റെ ഹൃദയം ഒക്കയോടുംകൂടെ നിന്നോട്ട ഞാൻ പറഞ്ഞൊത്തു

തേറുന്നു. മേലാൽ ഒരിക്കലും നിന്റെ പ്രമാണത്തിനു് വിഘ്നം വരുത്താതെ നടക്കുന്നുണ്ടെന്നു എന്റെ ശക്തി ഒക്കയോടുംകൂടെ നിന്നോടു ഞാൻ പറഞ്ഞൊക്കുന്നു. ആമ്മേൻ.

ദേവമാതാവിന്നു ചുററുന്ന 12 നക്ഷത്രങ്ങളെ കുറിച്ചു് 12 നന്മ. മുമ്മാസുഖം മാതാവിന്നു കൊടുത്ത വരപ്രസാദങ്ങളെക്കുറിച്ചു് മുമ്മ സുഖത്തിന്നു സ്തുതിയായിട്ടു് 3 ത്രിത്വസ്തുതിയും പാപികളുടെ മനസുതിരുവിനുവേണ്ടി 1 നന്മ നമസ്കരിച്ചുകൊള്ളണം:

1867 മീനം 1-ാംതീയതി സർവ്വേശ്വരൻ ഇന്നു് ഏറിയ അനുഗ്രഹംചെയ്തു. ഇനിക്കും പെ. ബ. എന്റെ ആത്മ ഗുരു ദെലഗാദായ മൂപ്പച്ചനും എത്രയും വലിയ ഒരു ദുഃഖം വന്നാറെ നമ്മുടെ കന്യാസ്ത്രീകളെക്കൊണ്ടു് 3 രാജകന്നി, 3 എത്രയും ദയയുള്ള എന്ന ജപവും അപേക്ഷിപ്പിച്ചു. ഉടൻ ഈ ഉണ്ടായ മലപോലെ വന്ന കാര്യം പൂപോലെ മാതാവാക്കുകയും ചെയ്തു.


ശുഭം.

ACHARYA PALACKAL ... LIBRARY ... KENDRAM
15706

Permissu Superiorum

Printed and Published for the Proprietor by
Rev. Fr. Wilfrid T. O. C. D. at the
St. Joseph's Press, Mannanam. 1959.

# ധ്യാനസല്ലാപങ്ങൾ



/255.73/5
ELI

ഗ്രന്ഥകർത്താവ്
ചാവറ കുറിയാക്കോസ് ഏലിയാസച്ചൻ